# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

2025 ഒക്ടോബർ 21 ചൊവ്വ

ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ




## രാഷ്ട്രപതി ദ്രൗർപതി മുർമു ഇന്ന് കേരളത്തിൽ



തിരുവനന്തപുരം: നാല് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗർപതി മുർമു ഇന്ന് കേരളത്തിൽ. വൈകീട്ട് ആറരയോടെ എത്തുന്ന രാഷ്ട്രപതി നാളെയാണ് ശബരിമല ദർശനം നടത്തുക. നാളെ രാവിലെ ഹെലിപാഡിൽ നിലയ്ക്കലിൽ എത്തിയ ശേഷം റോഡ് മാർഗം പമ്പയിലേക്ക് പോകും.

ഉച്ചയോടെയായിരിക്കും ശബരിമല ദർശനം. തുടർന്ന് തിരുവനന്തപുരത്തേക്ക് മടങ്ങിയെത്തുന്ന രാഷ്ട്രപതി വിവിധ പരിപാടികളിൽ പങ്കെടുക്കും. രാഷ്ട്രപതിയുടെ സന്ദർശനത്തിന്റെ ഭാഗമായി കർശന സുരക്ഷയാണ് തിരുവനന്തപുരം നഗരത്തിൽ ഏർപ്പെടുത്തിട്ടുള്ളത്.

രാഷ്ട്രപതിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് തലസ്ഥാനത്ത് കർശനമായ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണ്. ഗതാഗത, പാർക്കിംഗ് നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ദർശനം കഴിഞ്ഞ് മടങ്ങിയെത്തുന്ന രാഷ്ട്രപതിക്ക് നാളെ വൈകീട്ട് ഗവർണർ രാജ്ഭവനിൽ അത്താഴ വിരുന്നൊരുക്കും. 23ന് രാവിലെ പത്തിന് രാജ്ഭവനിൽ മുൻ രാഷ്ട്രപതി കെ ആർ നാരായണൻറെ പ്രതിമ രാഷ്ട്രപതി അനാച്ഛാദനം ചെയ്യും. ഉച്ചയ്ക്ക് പന്ത്രണ്ടിന് ശിവഗിരിയിൽ ശ്രീനാരായണ ഗുരു സമാധി ശതാബ്ദി പരിപാടിയിൽ പങ്കെടുക്കും. വൈകീട്ട് മൂന്നരയോടെ ഹെലികോപ്റ്റർ മാർഗം പാലായിലേക്ക് പോകുന്ന രാഷ്ട്രപതി സെൻറ് തോമസ് കോളജിൻറെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും. അന്നേ ദിവസം കുമരകത്ത് തങ്ങുന്ന ദ്രൗപദി മുർമു 24 ന് എറണാകുളത്ത് സെൻറ് തെരേസാസ് കോളജിൻറെ ശതാബ്ദി ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കും. വൈകീട്ടോടെ ഡൽഹിയിലേക്ക് മടങ്ങും.

## കേന്ദ്ര സഹമന്ത്രിയോട് വിയോജിച്ച് വരന്തരപ്പിള്ളിയിൽ നാല് ബിജെപി പ്രവർത്തകർ കോൺഗ്രസിൽ ചേർന്നു

തൃശൂർ: കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയോട് വിയോജിച്ച് വരന്തരപ്പിള്ളിയിൽ നാല് ബിജെപി പ്രവർത്തകർ കോൺഗ്രസിൽ ചേർന്നു. കലുങ്ക് സംവാദത്തിൽ പങ്കെടുത്ത ബിജെപി പ്രവർത്തകരാണ് സംവാദത്തിന്റെ അടുത്ത ദിവസം പാർട്ടി വിട്ടത്. പ്രസാദ്, രാജശ്രീ, സുമേഷ്, ശാലിനി എന്നിവരാണ് പാർട്ടി വിട്ടത്.

ബിജെപി ഭരിക്കുന്ന വേലുപ്പാടം വാർഡിൽ നിന്നുള്ള സജീവ ബിജെപി പ്രവർത്തകരാണ് ഇവർ. ഈ മാസം 18നായിരുന്നു വരന്തരപ്പിള്ളി പഞ്ചായത്തിലെ നാലാം വാർഡിൽ കലുങ്ക് സംവാദം നടന്നത്. പിറ്റേന്ന് 19നാണ് ഇവർ കോൺഗ്രസിൽ ചേർന്നത്. സുരേഷ് ഗോപി സംവാദത്തിനിടെ അപമാനിച്ചതാണ് പാർട്ടി വിടാൻ കാരണമെന്നാണ് പാർട്ടി വിട്ടവർ പറഞ്ഞത്.

# ശബരിമല സ്വർണകൊള്ള:

# ഗൂഢാലോചന നടന്നിട്ടുണ്ടെങ്കിൽ അക്കാര്യം അന്വേഷിക്കണമെന്ന് ഹൈക്കോടതി







കൊച്ചി: ശബരിമല സ്വർണ കൊള്ളയിൽ ഇടക്കാല ഉത്തരവുമായി ഹൈക്കോടതി. കേസ് നവംബർ 15 പരിഗണിക്കുമെന്ന് കോടതി അറിയിച്ചു. ഗൂഢാലോചന നടന്നെങ്കിൽ അക്കാര്യം അന്വേഷിക്കണമെന്നും കോടതി പറഞ്ഞു. പ്രത്യേക അന്വേഷണ സംഘത്തിന്റെ എസ്പിയായ ശശിധരനും വിജിലൻസ് എസ്പി സുനിൽ കുമാറും ഇന്ന് നേരിട്ട് കോടതിയിൽ ഹാജരായി. അടച്ചിട്ട മുറിയിലാണ് കോടതി നടപടികൾ നടന്നത്.

പത്ത് ദിവസത്തെ അന്വേഷണത്തിൽ സ്വർണം ഏതൊക്കെ രീതിയിൽ പോയിട്ടുണ്ടെന്നുള്ള കാര്യങ്ങൾ കോടതിയിൽ നൽകിയ അന്വേഷണ റിപ്പോർട്ടിൽ ഉദ്യോഗസ്ഥൻ വിശദമാക്കിയിട്ടുണ്ട്. ഉണ്ണികൃഷ്ണൻ പോറ്റിയടക്കം ബംഗളൂരുവിലും ചെന്നൈയിലും നടത്തിയ ഗൂഢാലോചനകൾ സ്വർണം എവിടെയെല്ലാം പോയി എന്നുള്ളതടക്കമുള്ള കാര്യങ്ങളാണ് കോടതിയിൽ നൽകിയ ഇടക്കാല അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നത്.

ഉണ്ണികൃഷ്ണൻ പോറ്റിയുടെ അറസ്റ്റ്, കൂടുതൽ അറസ്റ്റിനുള്ള സാദ്ധ്യത, ഇതുവരെയുള്ള അന്വേഷണ പുരോഗതി എന്നിവ ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് അന്വേഷണ സംഘം ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നത്.

അന്വേഷണത്തിന്റെ പുരോഗതി രണ്ടാഴ്ച കൂടുമ്പോൾ ഹൈക്കോടതിയിൽ സമർപ്പിക്കണമെന്ന നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് സമർപ്പിച്ചത്.

ശബരിമല മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു, മുൻ അസിസ്റ്റന്റ് എഞ്ചിനീയർ സുനിൽ കുമാർ, മുൻ എക്സിക്യൂട്ടീവ് ഓഫീസർ ഡി സുധീഷ് കുമാർ, മുൻ ദേവസ്വം സെക്രട്ടറി ആർ ജയശ്രീ, മുൻ തിരുവാഭരണ കമ്മീഷണർ കെ എസ് ബൈജു, മുൻ തിരുവാഭരണ കമ്മീഷണർ ആർ ജി രാധാകൃഷ്ണൻ, മുൻ എക്സിക്യൂട്ടീവ് ഓഫീസർ രാജേന്ദ്ര പ്രസാദ്, മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ രാജേന്ദ്രൻ നായർ, മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീകുമാർ എന്നിവർക്കെതിരെയാണ് കേസെടുത്തത്.

## എല്ലാം ചെയ്തത് പോറ്റിയുടെ നിർദ്ദേശ പ്രകാരം, സ്വർണക്കവർച്ചയിൽ പങ്കില്ല; അനന്ത സുബ്രഹ്മണ്യത്തിന്റെ മൊഴി

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളയിൽ സ്പോൺസർ ഉണ്ണികൃഷ്ണൻ പോറ്റിക്കെതിരെ സുഹൃത്ത് അനന്ത സുബ്രഹ്മണ്യത്തിന്റെ മൊഴി. എല്ലാം ചെയ്തത് ഉണ്ണികൃഷ്ണൻ പോറ്റിയുടെ നിർദ്ദേശ പ്രകാരമാണെന്ന് അനന്ത സുബ്രഹ്മണ്യം പറഞ്ഞു. ഉണ്ണികൃഷ്ണൻ പോറ്റി പറഞ്ഞത് കൊണ്ടാണ് പാളികൾ ബെംഗളൂരുവിൽ കൊണ്ടുപോയതും നാഗേഷിന് കൈമാറിയതെന്നും അനന്ത സുബ്രഹ്മണ്യം പ്രത്യേക അന്വേഷണ സംഘ (എസ്ഐടി)ത്തോട് പറഞ്ഞു. സ്വർണ്ണക്കവർച്ചയിൽ പങ്കില്ലെന്നും അനന്ത സുബ്രഹ്മണ്യം പറഞ്ഞു. പോറ്റി ദീർഘകാലമയുള്ള സുഹൃത്താണ്. പോറ്റി പറഞ്ഞിട്ട് ശബരിമലയിൽ അന്നദാനമടക്കം നടത്തി. ആവശ്യപ്പെട്ടപ്പോഴൊക്കെ സ്പോൺസർഷിപ്പിനായി പണം നൽകിയെന്നും പണം എന്തിനുപയോഗിച്ചുവെന്ന് അറിയില്ലെന്നും അനന്തസുബ്രഹ്മണ്യം മൊഴി നൽകി. ചോദ്യം ചെയ്യലിന് ശേഷം അനന്തസുബ്രഹ്മണ്യത്തെ അന്വേഷണ സംഘം വിട്ടയച്ചു. വീണ്ടും ഹാജരാകണമെന്ന് ആവശ്യപ്പെട്ടാണ് വിട്ടയച്ചത്.

## സംവരണ നറുക്കെടുപ്പ് ഇന്ന് പൂർത്തിയാകും; കേരളം തദ്ദേശ തിരഞ്ഞെടുപ്പിലേക്ക്



തിരുവനന്തപുരം: ജില്ലാ പഞ്ചായത്തുകളിലെ സംവരണ ഡിവിഷനുകളുടെയും കോർപറേഷനുകളിലെ സംവരണ വാർഡുകളുടെയും നറുക്കെടുപ്പ് ഇന്നു പൂർത്തിയാകുന്നതോടെ തദ്ദേശ തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപനം പ്രതീക്ഷിച്ച് കേരളം. കോഴിക്കോട്, കണ്ണൂർ കോർപറേഷനുകളുടെ നറുക്കെടുപ്പാണു നടക്കുക. 25ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നതോടെ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനു മുൻപുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാകും. അടുത്ത മാസം ആദ്യവാരം തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുമെന്നാണു സൂചന. നവംബർ, ഡിസംബർ മാസങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കുമെന്നു നേരത്തേ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ സൂചിപ്പിച്ചിരുന്നു. ഡിസംബർ 20നു മുൻപാണു പുതിയ ഭരണസമിതി തദ്ദേശ സ്ഥാപനങ്ങളിൽ ചുമതലയേൽക്കേണ്ടത്.

വോട്ടെടുപ്പിനു മുൻപ്, ഒരുവട്ടം കൂടി വോട്ടർപട്ടിക പുതുക്കാൻ സാധ്യതയുണ്ട്. തദ്ദേശ തിരഞ്ഞെടുപ്പ് കണക്കിലെടുത്ത് ക്ഷേമപെൻഷൻ വർധനയടക്കമുള്ള ആനുകൂല്യ വർധന സർക്കാർ പ്രഖ്യാപിച്ചേക്കും. പെൻഷൻ 1,600ൽ നിന്ന് 1,800 മുതൽ 2,000 രൂപ വരെയാക്കി വർധിപ്പിക്കാനാണ് ആലോചന.

# ന്യൂ പാളയം മാർക്കറ്റ് മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു





കോഴിക്കോട്: അത്യാധുനിക സംവിധാനങ്ങളോടെ കല്ലുത്താൻ കടവിൽ നിർമിച്ച 'ന്യൂ പാളയം വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് മാർക്കറ്റ്' മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. രണ്ട് പതിറ്റാണ്ട് നീണ്ട കോഴിക്കോടിന്റെ സ്വപ്നമാണ് യാഥാർഥ്യമാവുന്നത്. കല്ലുത്താൻ കടവിലെ അഞ്ചര ഏക്കർ സ്ഥലത്താണ് അത്യാധുനിക സൗകര്യങ്ങളോടെ പുതിയ മാർക്കറ്റ് നിർമിച്ചത്.

കോർപറേഷന്റെ പിപിപി മാതൃകയിലുള്ള പദ്ധതിയിൽ ബിഒടി അടിസ്ഥാനത്തിൽ നിർമിച്ചത് കല്ലുത്താൻ കടവ് ഏരിയ ഡെവലപ്മെന്റ് കമ്പനി (കാഡ്കോ) ആണ്. 2009-ൽ കല്ലിട്ട പദ്ധതിക്ക് കോർപറേഷൻ 30 കോടി രൂപ ചെലവിൽ സ്ഥലം നൽകി. 100 കോടി രൂപ ചെലവഴിച്ചാണ് മാർക്കറ്റ് നിർമാണം പൂർത്തിയാക്കിയത്.

മാർക്കറ്റ് പാളയത്തുനിന്ന് മാറ്റുന്നതോടെ പാളയത്തെ ഗതാഗതക്കുരുക്കിന് വലിയ ആശ്വാസമാകും. മാർക്കറ്റിലേക്കുള്ള വാഹനങ്ങൾ കല്ലുത്താൻ കടവിലേക്ക് മാറുന്നതോടെ തിരക്ക് പകുതിയിൽ താഴെയായി കുറയും.

മൂന്നര ലക്ഷം സ്ക്വയർ ഫീറ്റിൽ നിർമിച്ച കെട്ടിടത്തിൽ 310 പഴം, - പച്ചക്കറി കടകൾക്ക് സൗകര്യമുണ്ട്.

കെട്ടിടത്തിന്റെ ഒന്നാം നിലയിലേക്ക് മീഞ്ചന്ത- അരയിടത്തുപാലം ബൈപാസിൽ നിന്ന് നേരിട്ടു വാഹനങ്ങൾക്ക് കയറാം. കെട്ടിടത്തിനുമുകളിലേക്ക് ഓട്ടോ, ഗുഡ്സ് വാഹനങ്ങൾക്ക് കയറാൻ മൂന്ന് റാംപുകൾ ഉണ്ട്. പാളയത്ത് കച്ചവടം നടത്തുന്നതിന് ലൈസൻസുള്ള 153 കച്ചവടക്കാർക്ക് ന്യൂ മാർക്കറ്റിൽ മുറികളും ഒരുക്കിയിട്ടുണ്ട്.

## നല്ലത് അംഗീകരിക്കാൻ ചിലർക്ക് പ്രയാസം: മുഖ്യമന്ത്രി

കോഴിക്കോട്: നല്ലത് അംഗീകരിക്കാൻ ചിലർക്ക് പ്രയാസമുണ്ടെന്നും അതാണ് ഇവിടെ ഇപ്പോൾ കാണുന്നതെന്നും അതൊന്നും അംഗീകരിക്കേണ്ട കാര്യമില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.. കോഴിക്കോട് കല്ലുത്താൻ കടവിലെ പുതിയ മാർക്കറ്റ് കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഒരുപാട് നാടകങ്ങൾ കാണേണ്ട സാഹചര്യമാണുള്ളത്. പ്രതിഷേധക്കാരുടെ കൂടെ നിന്നവരിൽ ചിലർ ഇപ്പോഴില്ല. എന്താണ് നല്ല കാര്യത്തെ അംഗീകരിക്കാത്തത്? എന്താണ് ഇതിനുപിന്നിലെ ചേതോവികാരം? നാടിന് ഗുണം ചെയ്യുന്ന കാര്യം അംഗീകരിക്കേണ്ടത് അല്ലേ? മത്സരം തെരഞ്ഞെടുപ്പിൽ മാത്രമാണ്. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ വികസനത്തെ പിന്തുണക്കണം.

കോഴിക്കോട് പാളയം പച്ചക്കറി മാർക്കറ്റാണ് കല്ലുത്താൻ കടവിലേക്ക് മാറ്റുന്നത്. ഒരു വിഭാഗം വ്യാപാരികൾ മാർക്കറ്റ് മാറ്റുന്നതിനെതിരെ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. ഉദ്ഘാടനത്തിന് മുമ്പായി പാളയം മാർക്കറ്റ് മാറ്റുന്നതിനെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും തമ്മിൽ സംഘർഷവുമുണ്ടായിരുന്നു. പ്രതിഷേധങ്ങൾക്കിടെയാണ് മുഖ്യമന്ത്രി പുതിയ മാർക്കറ്റ് കെട്ടിടം ഉദ്ഘാടനം ചെയ്തത്. പ്രതിഷേധം നടത്തുന്ന കച്ചവടക്കാരും തൊഴിലാളികളുമായും വീണ്ടും ചർച്ച നടത്തുമെന്ന് ഡെപ്യൂട്ടി മേയർ മുസാഫർ അഹമ്മദ് പറഞ്ഞു. പാളയം മാർക്കറ്റ് നിന്നും ഇവിടേക്ക് വരുമ്പോൾ പ്രശ്നങ്ങൾ തീരും. എന്തിനാണ് പ്രതിഷേധമെന്ന് അറിയില്ല. നഗരം വികസിക്കണം അതിനാണ് പദ്ധതിയെന്നും മുസാഫർ അഹമ്മദ് പറഞ്ഞു.

## ക്ഷേത്രപരിസരം അടിച്ചുവാരുന്നതിനിടെ മരക്കൊമ്പ് പൊട്ടി തലയിൽ വീണ് മധ്യവയസ്കയ്ക്ക് ദാരുണാന്ത്യം



കോഴിക്കോട്: കോഴിക്കോട് ക്ഷേത്രപരിസരം അടിച്ചുവാരുന്നതിനിടെ മരക്കൊമ്പ് പൊട്ടി തലയിൽ വീണ് മധ്യവയസ്കയ്ക്ക് ദാരുണാന്ത്യം. പന്നിയങ്കര സ്വദേശി ശാന്തയാണ് മരിച്ചത്. പായംപള്ളി ദേവീക്ഷേത്രത്തിന് സമീപം ഇന്ന് രാവിലെയായിരുന്നു അപകടമുണ്ടായത്.ശാന്തയുടെ വീടിന് തൊട്ടടുത്തായിരുന്നു ക്ഷേത്രം.

ഇന്ന് രാവിലെ ആറുമണിയോടെ ക്ഷേത്രത്തിലേക്ക് എത്തിയ ശാന്ത ക്ഷേത്രമുറ്റം അടിച്ചുവാരുന്നതിനിടെയാണ് അപ്രതീക്ഷിതമായി മരക്കൊമ്പ് പൊട്ടി അവരുടെ ശരീരത്തിലേക്ക് വീണത്.

മരത്തിലെ ചില്ലകളെല്ലാം ഉണങ്ങി നിൽക്കുകയായിരുന്നുവെന്നാണ് സമീപവാസികൾ പറയുന്നത്. ശബ്ദം കേട്ട് സമീപത്തുണ്ടായിരുന്നവർ ഓടിക്കൂടി. ഉടൻ തന്നെ തൊട്ടടുത്തുള്ള ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം കോഴിക്കോട് മിംസ് ആശുപത്രിൽ സൂക്ഷിച്ചിരിക്കുകയാണ്.

## പൊലീസുകാരനെ കൊന്ന കേസിൽ പ്രതിയായ കുപ്രസിദ്ധ ഗുണ്ടയെ പൊലീസ് വെടിവച്ചു കൊന്നു



ഹൈദരാബാദ്: പൊലീസുകാരനെ കൊലപ്പെടുത്തിയ കേസിൽ പ്രതിയായ കുപ്രസിദ്ധ ഗുണ്ടയെ ആശുപത്രിയിൽ ഏറ്റുമുട്ടലിലൂടെ കൊലപ്പെടുത്തി തെലങ്കാന പൊലീസ്. ഷെയ്ഖ് റിയാസ് എന്ന ഗുണ്ടയാണ് കൊല്ലപ്പെട്ടത്. നിസാമാബാദിലെ സർക്കാർ ആശുപത്രിയിലാണ് സംഭവം. പൊലീസുകാരന്റെ തോക്ക് തട്ടിയെടുത്തു രക്ഷപ്പെടാനുള്ള ശ്രമത്തിനിടെയാണ് വെടിവച്ചു കൊലപ്പെടുത്തിയത്.

പൊലീസ് കോൺസ്റ്റബിളായ പ്രമോദിനെ കൊലപ്പെടുത്തിയ കേസിൽ കസ്റ്റഡിയിലായിരുന്നു ഷെയ്ഖ് റിയാസ്. ശനിയാഴ്ചയാണ് ഇയാൾ കോൺസ്റ്റബിളിനെ കൊലപ്പെടുത്തിയത്. റിയാസിനെ പിടികൂടാൻ സഹായിക്കുന്നവർക്ക് അരലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. ഇതിനു പിന്നാലെ മറ്റൊരാളുമായുള്ള ഏറ്റുമുട്ടലിൽ പരുക്കേറ്റ റിയാസിനെ പൊലീസ് കസ്റ്റഡിയിലെടുത്ത് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. നിസാമാബാദിലെ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇയാൾ വീണ്ടും പൊലീസിനെ ആക്രമിച്ചു. ഒരു പൊലീസുകാരന്റെ തോക്ക് തട്ടിപ്പറിച്ച പ്രതി വെടിയുതിർക്കാൻ ശ്രമിച്ചു. തുടർന്നുള്ള ഏറ്റുമുട്ടലിൽ ഇയാൾ കൊല്ലപ്പെടുകയായിരുന്നു.

ഷെയ്ഖ് റിയാസ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട കാര്യം തെലങ്കാന ഡിജിപി ശിവധർ റെഡ്ഡി സ്ഥിരീകരിച്ചു. പൊലീസിനെ അഭിനന്ദിച്ച അദ്ദേഹം, ഏറ്റുമുട്ടലിന്റെ നടപടിക്രമമായി അന്വേഷണമുണ്ടാകുമെന്നും വ്യക്തമാക്കി. 2019ൽ ഹൈദരാബാദിൽ വെറ്ററിനറി ഡോക്ടറെ ബലാത്സംഗം ചെയ്തു കൊന്ന കേസിലെ പ്രതികളെ പൊലീസ് വെടിവച്ചു കൊലപ്പെടുത്തിയ സംഭവം വിവാദമായിരുന്നു. ഈ കേസിൽ സുപ്രീംകോടതി നിയോഗിച്ച സമിതി അന്വേഷണം നടത്തുകയാണ്.



*പാളയം മാർക്കറ്റ് കല്ലുത്താൻ കടവിലേക്ക് മാറ്റുന്നതിൽ പ്രതിഷേധിച്ച് വ്യാപാരികളും തൊഴിലാളികളും തമ്മിലുണ്ടായ സംഘർഷം*

## പേരാമ്പ്രയിൽ എട്ടാം ക്ലാസ് വിദ്യാർഥിയെ തട്ടികൊണ്ടുപോകാൻ ശ്രമിച്ചെന്ന് പരാതി

കോഴിക്കോട്: പേരാമ്പ്ര കായണ്ണയിൽ എട്ടാം ക്ലാസ് വിദ്യാർഥിയെ തട്ടികൊണ്ടുപോകാൻ ശ്രമിച്ചെന്ന് പരാതി.

മുഖംമൂടി ധരിച്ച് ബൈക്കിലെത്തിയ രണ്ടംഗ സംഘമാണ് തട്ടികൊണ്ടുപോകാൻ ശ്രമിച്ചതെന്ന് വിദ്യാർഥി പൊലീസിൽ പറഞ്ഞു. പേരാമ്പ്ര പൊലീസ് അന്വേഷണം ആരംഭിച്ചു.

കളി കഴിഞ്ഞ് വരികയായിരുന്ന വിദ്യാർഥിയോട് ലിഫ്റ്റ് വാഗ്ദാനം ചെയ്ത് വണ്ടിനിർത്തിയ സംഘം നിരസിച്ചതോടെ വലിച്ചുകയറ്റി കൊണ്ടുപോകാൻ ശ്രമിക്കുകയായിരുന്നു. ഇതിനിടെ സമീപത്തൊരു ഓട്ടോറിക്ഷ എത്തിയതോടെ സംഘം ശ്രമം ഉപേക്ഷിച്ച് രക്ഷപ്പെട്ടു. പിടിവലിക്കിടെ വിദ്യാർഥിക്ക് പരിക്കേറ്റിട്ടുണ്ട്.

## കനത്ത പുകമഞ്ഞ്, 38ൽ 36 കേന്ദ്രങ്ങളും റെഡ് സോൺ; ഡൽഹിയിൽ വായു ഗുണനിലവാരം ഏറ്റവും മോശം അവസ്ഥയിൽ



ന്യൂഡൽഹി: ദീപാവലി ആഘോഷങ്ങൾക്കു പിന്നാലെ രാജ്യതലസ്ഥാനത്ത് വായു ഗുണനിലവാരം ഏറ്റവും മോശം അവസ്ഥയിൽ. ഇന്നു രാവിലെ പുകമഞ്ഞു മൂടിയ നിലയിലാണ് ഡൽഹിയിൽ മിക്കയിടങ്ങളും. 347 ആണ് ഇപ്പോഴത്തെ ശരാശരി വായു ഗുണനിലവാര സൂചിക. 'വളരെ മോശം' നിലയിലാണിത്. ഡൽഹിയിലെ 38 നിരീക്ഷണ കേന്ദ്രങ്ങളിൽ മുപ്പത്തിയാറും വായു ഗുണനിലവാരത്തിൽ റെഡ് സോണിലാണുള്ളത്. ദീപാവലിയുടെ ഭാഗമായി വൻതോതിൽ പടക്കങ്ങൾ പൊട്ടിക്കുന്നത് മലിനീകരണ തോത് ഉയർത്തുകയാണ്.

മലിനീകരണം തടയുന്നതിനായി ഇത്തവണ കർശന നിർദേശങ്ങളുണ്ടായിരുന്നു. ഹരിത പടക്കങ്ങൾ മാത്രം പൊട്ടിക്കാനായിരുന്നു സുപ്രീംകോടതി അനുമതി നൽകിയിരുന്നത്. ദിവസം രാവിലെ 8 മുതൽ രാത്രി 10 വരെയുമാണ് പടക്കം പൊട്ടിക്കാൻ അനുമതിയുള്ളത്. ഗ്രേഡഡ് റെസ്പോൺസ് ആക്ഷൻ പ്ലാനിന്റെ രണ്ടാംഘട്ടം ഞായറാഴ്ച നടപ്പാക്കിത്തുടങ്ങിയിരുന്നു.

ദീപാവലി ദിവസം രാത്രി 10 മണിക്ക് ഡൽഹിയിലെ നാല് നിരീക്ഷണ കേന്ദ്രങ്ങളിൽ വായു ഗുണനിലവാര സൂചിക ഏറ്റവും അപകടകരമായ തോതായ 400ന് മുകളിൽ കടന്നു. ദ്വാരക (417), അശോക് വിഹാർ (404), വസീർപുർ (423), ആനന്ദ് വിഹാർ (404) എന്നിങ്ങനെയാണിത്. ചൊവ്വാഴ്ചയും ബുധനാഴ്ചയും വായു ഗുണനിലവാരം ഏറ്റവും മോശം അവസ്ഥയിലെത്താൻ സാധ്യതയുണ്ടെന്ന് അധികൃതർ മുന്നറിയിപ്പ് നൽകിയിരുന്നു.

## ആശുപത്രികളിൽ നഴ്സുമാർക്ക് ഷിഫ്റ്റിൽ മാറ്റം വരുത്തിയ ഉത്തരവ് ആശ്വാസകരം

സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും ആശ്വാസമേകി സർക്കാർ ഉത്തരവ്. ആശുപത്രികളിൽ കിടക്കകളുടെ എണ്ണം പരിഗണിക്കാതെ ഇനിമുതൽ 6–6–12 ഷിഫ്റ്റ് സമ്പ്രദായം നിർബന്ധമായും നടപ്പാക്കണമെന്ന് തൊഴിൽ വകുപ്പ് ഉത്തരവിട്ടത് ആശ്വാസകരമാണ്. ഇതോടെ സ്വകാര്യ ആശുപത്രികളിലെയും സർക്കാർ ആശുപത്രികളിലെയും നഴ്സിങ് ജീവനക്കാർക്ക് ഒരേ ഷിഫ്റ്റ് സമ്പ്രദായം നിലവിൽ വരും.

പകൽ സമയത്ത് രണ്ട് ഷിഫ്റ്റുകൾക്ക് ആറ് മണിക്കൂർ വീതവും (6+6), രാത്രി ഷിഫ്റ്റിന് 12 മണിക്കൂറും (12) എന്ന രീതിയിലാണ് പുതിയ സമ്പ്രദായം. നഴ്സുമാർക്ക് മാത്രമല്ല, സ്വകാര്യ ആശുപത്രികളിലെ മറ്റ് എല്ലാ ജീവനക്കാർക്കും ഈ ഷിഫ്റ്റ് സമ്പ്രദായം ബാധകമാകും.

നേരത്തെ 100 കിടക്കകളുള്ള ആശുപത്രികളിൽ മാത്രമായിരുന്നു ഈ സമ്പ്രദായം നടപ്പാക്കാൻ നിർദ്ദേശിച്ചിരുന്നത്. പുതിയ ഉത്തരവ് പ്രകാരം എല്ലാ സ്വകാര്യ ആശുപത്രികളിലും ഇത് നിർബന്ധമാക്കി.

ഷിഫ്റ്റ് സമയത്തിന് പുറമെ ജീവനക്കാർ ഓവർടൈം ജോലി ചെയ്യുന്നുണ്ടെങ്കിൽ അതിന് കൃത്യമായി ഓവർടൈം അലവൻസ് നൽകണമെന്നും ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

നഴ്സുമാരുടെ ഷിഫ്റ്റ് സമ്പ്രദായത്തിലെ അപാകതകളെ തുടർന്ന് കേരളത്തിലുൾപ്പെടെ പലതവണ സമരങ്ങൾ നടന്നിരുന്നു. നേരത്തെ 2021–ൽ ഇതുമായി ബന്ധപ്പെട്ട ശുപാർശകളും ഉത്തരവുകളും വന്നിരുന്നെങ്കിലും പല സ്വകാര്യ ആശുപത്രികളും അവ നടപ്പിലാക്കിയിരുന്നില്ല.

പുതിയ ഉത്തരവ് വരുന്നതോടെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ തൊഴിൽ സമയം സംബന്ധിച്ച അനിശ്ചിതത്വങ്ങൾക്ക് വിരാമമാകും. നിയമത്തിന്റെ പിൻബലം ലഭിക്കുന്നതോടെ അധിക സമയം ജോലി ചെയ്യുന്നതിനുള്ള വേതനം ജീവനക്കാർക്ക് ആശുപത്രികളുടെ ഔദാര്യമെന്ന നിലയിൽ നിന്ന് നിയമപരമായ അവകാശമായി വാങ്ങിയെടുക്കാൻ സാധിക്കും.

# അധ്യാപനം പ്രേരണയുടെ കലയാണ്

അധ്യാപനം പ്രേരണയുടെ കലയാണ്. കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിപരവും സാമൂഹി കവും സന്മാർഗീകവുമായ കഴിവുകളുടെ വികാസത്തെ മന:പൂർവം ലക്ഷ്യമാക്കി പാകതവന്ന ഒരു വ്യക്തി, കുട്ടികളുടെ മേൽ ബോധനത്തിൽ കൂടി ചെലുത്തുന്ന ക്രമാനുഗതമായ പ്രേരണയാണ് അധ്യാപനം. ചിന്തകനായ ഫ്രോബലിന്റെ കാഴ്ചപ്പാടിൽ ശിശുവിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ പ്രത്യക്ഷപ്പെടുത്തുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. കുട്ടികളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകളെ കണ്ടെത്താനും അത് ഊതി ജ്വലിപ്പിക്കുവാനും സാധിക്കുന്നവനാണ് യഥാർത്ഥ അധ്യാപകൻ. ജീവിതത്തെ ഉൾക്കാഴ്ചയോടും ദീർഘവീക്ഷണത്തോടും കൂടി കൈകാര്യം ചെയ്ത് ലക്ഷ്യത്തിലെത്താൻ പ്രേരിപ്പിക്കുന്നതാകണം അധ്യാപനം.

ലോകപ്രശ്സ്ത എഴുത്തുകാരിയായ ഹെലൻ കെല്ലർ തന്റെ ജീവിതത്തിൽ തന്റെ ടീച്ചറായ ആൻ സള്ളിവൻ (ആനിമാൻസ് ഫീൽഡ് സള്ളിവൻ) വഹിച്ച പങ്കിനെക്കുറിച്ച് പറയുന്നു:"തുടക്കത്തിൽ ഞാൻ സാധ്യതകളുടെ ഒരു കൊച്ചു പിണ്ഡം മാത്രമായിരുന്നു. അവയെ കുരുക്കുകൾ അഴിച്ച് വികസിപ്പിച്ചെടുത്തത് എന്റെ ടീച്ചറാണ്. അവർ വന്നതോടെ എന്റെ ജീവിതത്തിന് അർത്ഥം കണ്ടുതുടങ്ങി. എന്റെ ജീവിതം മധുരതരവും ഉപകാരപ്രദവുമാക്കിത്തീർ ക്കുവാൻ ചിന്തകളിലൂടെയും പ്രവർത്തികളിലൂടെയും ഉദാഹരണങ്ങളിലൂടെയും അവർ നിരന്തരം ശ്രമിച്ചുകൊണ്ടി രുന്നു". നമ്മുടെ മുന്നിലിരിക്കുന്ന കൊച്ചു പിണ്ഡങ്ങളെ ചെത്തിമിനുക്കി മുത്തുകളും രത്നങ്ങളുമാക്കി മാറ്റുവാൻ അധ്യാപകർക്ക് സാധിക്കണം. ഹെലൻകെല്ലർ എന്ന അന്ധയും ബധിരയുമായ കുട്ടിയെ ലോകം അറിയുന്ന വ്യക്തിത്വത്തിന് ഉടമയാക്കി മാറ്റിയത് ആൻ സള്ളിവൻ എന്ന ടീച്ചറാണ്. അവരുടെ നിരന്തര പ്രേരണയാണ്.

രാഷ്ട്രപതിയായിരുന്ന എ.പി.ജെ.അബ്ദുൾകലാം പറഞ്ഞു:"വ്യക്തിയുടെ സ്വഭാവവും കഴിവും ഭാവിയും രൂപപ്പെടുത്തുന്ന മഹത്തായ സേവനമാണ് അധ്യാപകർ ചെയ്യുന്നത്". ഏറ്റവും ശ്രേഷ്ഠവും മഹനീയവുമായ ശുശ്രുഷ യാണ് അധ്യാപനം. ആചാര്യൻ, ഗുരു, ടീച്ചർ, ഫെസിലിറ്റേറ്റർ, മെന്റർ, ഗൈഡ് എന്നീ തലങ്ങളിലെല്ലാം അധ്യാപകർ കുട്ടികളിൽ സ്വാധീനം ചെലുത്തണം. ആധുനികകാലഘട്ടത്തിൽ കുട്ടികൾ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. അവയെ എല്ലാം തരണംചെയ്തു വിജയിക്കാൻ കുട്ടികളെ പ്രാപ്തരാക്കാൻ അധ്യാപകർക്ക് സാധിക്കണം. കുട്ടികളുടെ മാനസിക വ്യാപാരങ്ങളെ അടുത്തറിയാൻ മാതാപിതാക്കളോടൊപ്പം തന്നെ സഹരക്ഷിതാക്കളായ അധ്യാപകർക്കും കഴിയണം. എല്ലാം തുറന്നുപറഞ്ഞ് സംവദിക്കാനും കൂട്ടുകൂടാനും കഴിയുന്നിടങ്ങളാകണം വീടും വിദ്യാലയവും. സർഗാത്മകവും സന്തോഷദായകവുമായ അന്തരീക്ഷമാണ് വിദ്യാലയങ്ങളിൽ പുലരേണ്ടത്. ജീവിത ത്തിലുടനീളം അനുഭവിക്കുന്ന അർത്ഥപൂർണമായ സന്തുഷ്ടിയാണ് കുട്ടികളുടെ വളർച്ചയും വികസനവും സാധ്യമാ ക്കുന്നത്. തിരുത്താനും ഭാവിജീവിതത്തെ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യാനുമുള്ള മാർഗനിർദേശങ്ങളും സ്നേഹശാസനകളുമാണ് അവർക്ക് നൽകേണ്ടത്. അത് സ്നേഹത്തിലും സഹാനുഭൂതിയിലും അധിഷ്ഠിതമാകണം.



> *ആധുനികകാലഘട്ടത്തിൽ കുട്ടികൾ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കു ന്നുണ്ട്. അവയെ എല്ലാം തരണംചെയ്തു വിജയിക്കാൻ കുട്ടികളെ പ്രാപ്തരാക്കാൻ അധ്യാപകർക്ക് സാധിക്കണം. കുട്ടികളുടെ മാനസിക വ്യാപാരങ്ങളെ അടുത്തറിയാൻ മാതാപിതാക്കളോടൊപ്പം തന്നെ സഹരക്ഷിതാക്കളായ അധ്യാപകർക്കും കഴിയണം. എല്ലാം തുറന്നുപറഞ്ഞ് സംവദിക്കാനും കൂട്ടുകൂടാനും കഴിയുന്നിടങ്ങളാകണം വീടും വിദ്യാലയവും. സർഗാത്മകവും സന്തോഷദായകവുമായ അന്തരീക്ഷമാണ് വിദ്യാലയങ്ങളിൽ പുലരേണ്ടത്. ജീവിത ത്തിലുടനീളം അനുഭവിക്കുന്ന അർത്ഥപൂർണമായ സന്തുഷ്ടിയാണ് കുട്ടികളുടെ വളർച്ചയും വികസനവും സാധ്യമാ ക്കുന്നത്. തിരുത്താനും ഭാവിജീവിതത്തെ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യാനുമുള്ള മാർഗനിർദേശങ്ങളും സ്നേഹശാസനകളുമാണ് അവർക്ക് നൽകേണ്ടത്. അത് സ്നേഹത്തിലും സഹാനുഭൂതിയിലും അധിഷ്ഠിതമാകണം.*

വിദ്യാഭ്യാസ വിവക്ഷണനും സാമൂഹികനിരീക്ഷകനുമായ ഡോ. എം.എൻ.കാരാശ്ശേരി പറഞ്ഞു;"എന്റെ കണക്കിൽ ഇന്ന് അധ്യാപകർക്ക് രണ്ട് പണിയേയുള്ളൂ. ഒന്ന് കുട്ടികളെ പഠിക്കാൻ സഹായിക്കുക, രണ്ട് കുട്ടികളുടെ സ്വഭാവം രൂപവത്കരിക്കുക. ഈ പറഞ്ഞ രണ്ട് പണികൾക്കും വിജ്ഞാനത്തേക്കാൾ ആവശ്യമായത് സ്നേഹമാണ്. ഗുരുനാഥന്മാരുടെ സ്നേഹമാണ് വിദ്യാർത്ഥികളുടെ പഠനത്തെ പ്രചോദിപ്പിക്കുന്നതും വ്യക്തിത്വത്തെ ശുദ്ധീകരിക്കു ന്നതും". കുട്ടികളെ പ്രചോദിപ്പിക്കുക, മോട്ടിവേറ്റ് ചെയ്യുക അവരെ ആകർഷിക്കുക, ആശ്ചര്യപ്പെടുത്തുക. പുതുമ മങ്ങാതെ പഠിപ്പിക്കുക, മാർഗദർശനം നടത്തുക, ദിശാബോധം പകരുക ഇതാണ് അധ്യാപനത്തിൽ സംഭവിക്കേണ്ടത്.

ഞാൻ അധ്യാപകനല്ല, ഉണർത്തുപാട്ടുകാരാനാണെന്ന് പറഞ്ഞത് റോബർട്ട് ഫ്രോസ്റ്റ് ആണ്. ഒരു ചെറുകോശത്തിൽ നിന്നാണ് മനുഷ്യന്റെ വളർച്ച സംഭവിക്കുന്നത്. സത്യത്തിൽ വിദ്യാഭ്യാസലക്ഷ്യം ആ ചെറുകോശത്തിലെ അപാരമായ സാധ്യതകളെ ഉണർത്തിവിടുകയാണ്. വിവരശേഖരണത്തിനും വിവരസംസ്കരണത്തിനുമപ്പുറം ജീവിതം എന്ന ദിവ്യ പ്രകാശത്തിലേക്ക് വിദ്യാർത്ഥികളെ ഉണർത്തുന്ന ഉണർത്തുപാട്ടുകാരനാകണം അധ്യാപകർ. 'എല്ലാകുട്ടികളും ജീനിയസ്സുകളാണെന്ന്' പറഞ്ഞത് ആൽബർട്ട് ഐൻസ്റ്റീൻ ആണ്. ഓരോ കുട്ടിയിലും പ്രതിഭയുടെ വിളയാട്ടമുണ്ട്. അത് കണ്ടെത്തി വളർത്തി അവരെ ജീനിയസ്സാക്കാൻ അധ്യാപകന് കഴിയണം. ഓരോ കുട്ടിയിലുമുള്ള അനന്തസാധ്യതകളെ കണ്ടെത്തുക മാത്രമല്ല അധ്യാപകർ ചെയ്യേണ്ടത്. മറിച്ച് പ്രേരണയെന്ന കലയിലൂടെ അവയെ ഉണർത്തി, വളർത്തി പരിപോഷിപ്പിച്ച്, ജ്വലിപ്പിക്കുവാൻ സാധിക്കണം. ഈ പരിപോഷണ പ്രക്രിയയാണ് അധ്യാപനം.

വിദ്യാഭ്യാസവിചഷണനും രാഷ്ട്രപതിയുമായിരുന്ന ഡോ. എസ്.രാധാകൃഷ്ണൻ വിദ്യാഭ്യാസത്തിന്റെ മൗലിക ലക്ഷ്യം സ്വഭാവഗുണം ആർജിക്കലാണെന്നും, സ്വഭാവഗുണം ആർജിക്കാൻ പറ്റാത്ത വിദ്യാഭ്യാസം ആപത്കരവും ഉപയോഗശൂന്യവും ആണെന്നും പറഞ്ഞുവയ്ക്കുന്നുണ്ട്. ലക്ഷ്യവും മാർഗവും സംശുദ്ധമാകണമെന്ന ദർശനമാണിത്. പാഠ്യപദ്ധതികൾക്കും പാഠപുസ്തകങ്ങൾക്കുമപ്പുറത്തേക്ക് ഇറങ്ങിച്ചെന്ന് ജീവിതമൂല്യങ്ങൾ പകർന്നു നൽകാനും അധ്യാപകർക്ക് സാധിക്കണം. സത്യത്തിലേക്കുള്ള വഴികാട്ടിയും ചൂണ്ടുപലകയുമാകണം അധ്യാപകർ. അതിന് അധ്യാപകജീവിതം ഒരു സാക്ഷ്യജീവിതം കൂടിയായിത്തീരണം. അധ്യാപകരുടെ വാക്കുകളേക്കാളുപരി അവരുടെ ജീവിതം കുട്ടികൾക്ക് പ്രേരണയും പ്രചോദനവുമാകട്ടെ.

ആരോഗ്യം

## ഫാറ്റി ലിവറും രോഗലക്ഷണങ്ങളും



മനുഷ്യശരീരത്തിലെ നിരവധി അവയവങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്നാണ് കരൾ. ഉദരത്തിന്റെ മുകൾ ഭാഗത്ത് വലതുവശത്തായിട്ടാണ് ഇതിന്റെ സ്ഥാനം. കരളിന് അനേകം ജോലികളുണ്ട്. നമ്മൾ കഴിക്കുന്ന ആഹാരം വയറ്റിലും കുടലിലും ദഹിക്കുന്നു. പിന്നീട് രക്തത്തിലേക്ക് പ്രവേശിച്ച് നേരേ കരളിലേക്കാണ് എത്തുന്നത്. ശരീരത്തിനു വേണ്ട പോഷക വസ്തുക്കളായി ഭക്ഷണത്തെ മാറ്റുന്നത് കരളാണ്. കൂടാതെ പ്രോട്ടീനുകൾ വിഘടിക്കുമ്പോൾ ഉണ്ടാകുന്ന അമോണിയ എന്ന വസ്തു യൂറിയയാക്കി മാറ്റി വൃക്കകൾ വഴി മൂത്രത്തിലൂടെ പുറത്തു കളയുന്നു. ആഹാരത്തിലൂടെ അകത്തു കടക്കുന്ന പല വിഷം കലർന്ന പദാർത്ഥങ്ങളെയും കരൾ നിരുപദ്രവകാരികളാക്കി മാറ്റുന്നു.

ശരീരത്തിന് ആവശ്യമായ തോതിൽ കൊളസ്ട്രോൾ നിർമ്മിക്കുന്നത് കരളിലാണ്. പക്ഷേ, ഈ പദാർത്ഥം ക്രമാതീതമായി ഉണ്ടാകുമ്പോൾ അത് ഹൃദയത്തിനും രക്തക്കുഴലുകൾക്കും പ്രശ്നമു ണ്ടാക്കുന്നു. രക്തം കട്ടി പിടിക്കാനാവശ്യമായ കോഗുലേഷൻ ഫാക്ടേഴ്സ് കരളാണ് നിർമ്മിക്കുന്നത്. കരൾ ഒരു കലവറ കൂടിയാണ്. ഗ്ലൂക്കോസ്, ഇരുമ്പ്, വിറ്റാമിനുകൾ എന്നിവ ഭാവിലെ ആവശ്യത്തിനു വേണ്ടി കരൾ കരുതിവയ്ക്കുന്നു.

**സാധാരണയായി കാണുന്ന കരൾ രോഗങ്ങൾ**

**ഫാറ്റി ലിവർ**

ഫാറ്റി ലിവർ അഥവാ കരളിലെ കൊഴുപ്പുരോഗം സാധാരണയായി ചെറിയ അളവിൽ കൊഴുപ്പ് കരളിലുണ്ട്. ചിലപ്പോൾ ക്രമാതീതമായി കൊഴുപ്പ് കരളിൽ അടിയുന്നു. ഇതിനാണ് ഫാറ്റി ലിവർ എന്നു പറയുന്നത്. അധികമായി കൊഴുപ്പുണ്ടാക്കുന്നതാവാം ഇതിനു കാരണം. അല്ലെങ്കിൽ വന്നുചേർന്ന കൊഴുപ്പ് കൃത്യമായി കൈകാര്യം ചെയ്യാൻ കരളിനു സാധിക്കാത്തതിനാലാകാം. ചിലപ്പോൾ ഈ കൊഴുപ്പ് കരളിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു. കരളിന്റെ ഭാരത്തിൽ 10 ശതമാനത്തിലധികം കൊഴുപ്പ് ഉണ്ടാകുമ്പോഴാണ് ഫാറ്റി ലിവർ രോഗം എന്നു പറയുന്നത്.

ഫാറ്റി ലിവർ ഉണ്ടാകുന്നത് പല കാരണങ്ങളാലാണ്. മദ്യത്തിന്റെ അമിത ഉപയോഗമാണ് പ്രധാന കാരണം. പക്ഷേ, അടുത്ത കാലത്തായി മദ്യപാനികൾ അല്ലാത്തവർക്കും ഈ രോഗം ധാരാളമായി കാണുന്നു. ങഅഎഗഉ അഥവാ നോൺ ആൽക്കഹോളിക് ഫാറ്റി ലിവർ ഡിസീസ് എന്നാണ് ഈ രോഗത്തിന്റെ ശാസ്ത്രീയ നാമം

**ഫാറ്റി ലിവറിന്റെ രോഗലക്ഷണങ്ങൾ**

മിക്കവാറും രോഗികളിൽ രോഗലക്ഷണങ്ങൾ ബാഹ്യമായി കണ്ടെന്നിരിക്കില്ല. ചിലപ്പോൾ ഉദരത്തിന്റെ മുകൾഭാഗത്ത് അസ്വസ്ഥത ഉണ്ടാവാം. ഉദരഭാരം പരിശോധിക്കുമ്പോൾ കരൾ വലുതായിരിക്കുന്നതായി കണ്ടെത്തിയെന്നിരിക്കാം.

ഫാറ്റി ലിവറിന്റെ കാഠിന്യം കൂടുമ്പോൾ കരളിന്റെ കോശങ്ങൾ അധികമായി നശിക്കുന്നു. കോശത്തിനു അധികം വരുന്നത് നാരുകൾ ആയിരിക്കും. ഇവ അധികമാകുമ്പോൾ ഫൈബ്രോസിസ് എന്ന രോഗാവസ്ഥ ഉണ്ടാകുന്നു. ഇതിന്റെ പരിണിതഫലമാണ് ലിവർ സിറോസിസ്. ഈ രോഗാവസ്ഥയും തുടക്കത്തിൽ ഒരു രോഗലക്ഷണവും കാണിക്കുകയില്ല. പക്ഷേ, അടുത്ത ഘട്ടം കരളിന്റെ പ്രവർത്തനം പൂർണമായി പരാജയപ്പെടുന്നരാണ്. ഹെപ്പാറ്റിക് ഫെയ്ലുവർ എന്ന പേരിൽ ഇതറിയപ്പെടുന്നു. ഹാർട്ട് ഫെയ്ലുവർ, കിഡ്നി ഫെയ്ലുവർ എന്നിവ പോലെയുള്ള ഒരു മാരക രോഗമാണിത്. ലക്ഷണങ്ങൾ മഞ്ഞപ്പിത്തം, മഹോദരം (വയറിനുള്ളിൽ വെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥ), കാലിൽ നീര്, രക്തം ഛർദ്ദിക്കുക എന്നിങ്ങനെയാണ്. ഏറ്റവും കടുത്ത രോഗമാകുമ്പോൾ തലച്ചോറിനെ ബാധിച്ച് സ്വബോധം നഷ്ടപ്പെടുന്നു.

കരളിന്റെ രോഗം മനസ്സിലാക്കുവാൻ ഏറ്റവും ഉപകരിക്കുന്ന പരിശോധന വയറിന്റെ അൾട്രാ സൗണ്ട് ടെസ്റ്റാണ് ചില പ്രത്യേക തരത്തിലുള്ള ശബ്ദ വീചികൾ ഉപയോഗിച്ച് വയറിന്റെ ഉപരിഭാഗത്ത് പ്രോബ് വയ്ക്കുമ്പോൾ കമ്പ്യൂട്ടർ മോണിട്ടറിൽ കരളിന്റെ നിഴൽ തെളിയുന്നു. ഈ പരിശോധന തികച്ചും വേദനാരഹിതവും പാർശ്വഫലരഹിതവുമാണ്. ഇതു വഴി കിട്ടുന്ന കരളിന്റെ രോഗനിലയുടെ വിവരങ്ങൾ രോഗനിർണ്ണയത്തിന് വളരെ സഹായം ചെയ്യുന്നു.

ലിവർ ബയോപ്സി ടെസ്റ്റ് ചിലപ്പോൾ ചെയ്യാറുണ്ട്. നെഞ്ചിന്റെ വലതുഭാഗത്ത് താഴത്തെ വാരിയെല്ലിൽ ഇടയിൽ കൂടി ചെറിയൊരു സൂചി കടത്തി കരളിന്റെ ഒരു ചെറിയ അംശം വലിച്ചെടുക്കുന്നു. ഇത് മൈക്രോസ്കോപ്പിൽ കൂടി നിരീക്ഷിക്കുമ്പോൾ കരളിന്റെ കോശത്തിന്റെ യഥാർത്ഥ സ്ഥിതി, കൊഴുപ്പിന്റെ അളവ് എന്നിവ കൃത്യമായി ദൃശ്യമാകുന്നു. ഫാറ്റി ലിവർ സ്ഥിതീകരിക്കാൻ ഈ പരിശോധനയ്ക്ക് 100 ശതമാനം കൃത്യതയുണ്ട് . പക്ഷേ, ഒരു സൂചി പ്രയോഗത്തിന്റെ എല്ലാ ബുദ്ധിമുട്ടുകളും ഉള്ളതിനാൽ ഈ പരിശോധന പതിവായി ചെയ്യാറില്ല.

**കരൾരോഗത്തിന്റെ പരിണാമ ഘട്ടങ്ങൾ**

പ്രഥമഘട്ടം: ആദ്യമായി വരുന്നത് കരളിൽ ക്രമാതീതം കൊഴുപ്പടിഞ്ഞ ഫാറ്റി ലിവർ ആണ്. പക്ഷേ, ഈ ഘട്ടത്തിൽ കരളിനോ രോഗിക്കോ കാര്യമായ ദോഷമോ പ്രവർത്തന വൈഷമ്യമോ ഉണ്ടാവില്ല. ഒരു വിശദ പരിശോധന വഴി മാത്രമേ ഡോക്ടർക്ക് പോലും രോഗാവസ്ഥ മനസ്സിലാവുകയുള്ളു. ഈ ഘട്ടത്തിൽ പരിഹാര ചികിത്സാ നടപടികൾ തുടങ്ങാൻ കഴിഞ്ഞാൽ കരൾ പൂർണ്ണ ആരോഗ്യ സ്ഥിതിയിലേക്ക് മടങ്ങും.

രണ്ടാമത്തെ ഘട്ടം : ഇപ്പോൾ കരളിനു വീക്കം അഥവാ ഇൻഫ്ളമേഷൻ പിടിപെടുന്നു. ഹെപ്പറ്റൈറ്റിസ് എന്നാണ് ഈ ഘട്ടത്തിന് പറയുന്നത്. കോശങ്ങൾ കാര്യമായി അളവിൽ നഷ്ടപ്പെട്ടു തുടങ്ങുന്നു. രക്തം പരിശോധിക്കുമ്പോൾ കരളിൽ നിന്നുണ്ടാകുന്ന .ഞഏഛഠ, ഞഏജഠ എന്നീ എൻസൈമുകൾ കൂടിയ അളവിൽ കാണുന്നു. ഈ ഘട്ടത്തിൽ പോലും രോഗിയുടെ ആരോഗ്യത്തിൽ ബാഹ്യമായ വ്യതിയാനങ്ങൾ കണ്ടെന്നു വരില്ല.

മൂന്നാമത്തെ ഘട്ടം : സിറോസിസ് എന്ന അവസ്ഥയിൽ കരളിലെ സാധാരണ കോശങ്ങൾ നശിച്ച് പകരം നാരുകൾ പോലുള്ള ഫൈബറസ് ടിഷ്യൂസ് സ്ഥാനംപിടിക്കുന്നു. കരൾ ചുരുങ്ങി ചെറുതാകുന്നു. അങ്ങിങ്ങായി മുഴകൾ പ്രത്യക്ഷപ്പെടുന്നു. ഏതാണ്ട് പകുതിയിലധികം കരൾ കോശങ്ങൾ നഷ്ടപ്പെട്ടു കഴിയുമ്പോൾ രോഗി അവശതയിലാകുന്നു. മഞ്ഞപ്പിത്തം, രക്തം ഛർദ്ദിക്കൽ, വയർ പെരുക്കം, കുടലിൽ നീര് എന്നീ ലക്ഷണങ്ങൾ കാണുന്നു. അവസാനം തലച്ചോറിന്റെ പ്രവർത്തനം തകരാറിലായി രോഗി അബോധാവസ്ഥയിലാകുന്നു . ഈ അവസ്ഥയിൽ നിന്ന് കരളിന്റെ ആരോഗ്യം പൂർവ്വസ്ഥിതിയിലേക്ക് വീണ്ടെടുക്കുക പ്രയാസമാണ്.


കരൾ രോഗത്തിന്റെ ചികിത്സ

ഫാറ്റി ലിവർ ഒരു ജീവിതശൈലീ രോഗമാണ്. ഇവിടെയാണ് നമ്മൾ കരളിന് കേട് വരാതിരിക്കാനുള്ള നടപടികൾ എടുക്കുവാൻ സാധിക്കുന്നത്.

1. നമ്മുടെ ആഹാരം ശരീരത്തിന് അനുയോജ്യമായിരിക്കണം. ഫാസ്റ്റ് ഫുഡ് എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന വസ്തുക്കൾ, എണ്ണയിൽ കുതിർത്തുണ്ടാക്കുന്ന പൊറോട്ട എന്നിവ കഴിക്കുന്നതും വർജിക്കണം.
2. മദ്യമാണ് കരളിന്റെ ഏറ്റവും വലിയ ശത്രു. ഒരു ദിവസം 120 മില്ലിയിൽ കൂടുതൽ വീര്യം കൂടിയ മദ്യം ( അതായത് 2 ലാർജ് പെഗ് വിസ്കിയോ ബ്രാൻഡിയോ റമ്മോ) കഴിച്ചാൽ സിറോസിസ് രോഗം ഉണ്ടാകുമെന്നുള്ളത് ഉറപ്പാണ്. സ്ത്രീകളിൽ കുറഞ്ഞ അളവിൽ പോലും മദ്യം ദോഷകരമാണ്. വീര്യം കുറഞ്ഞ മദ്യങ്ങളും അപകടകാരികളാകാം. ദിവസേന 750 മില്ലി ബിയറോ 500 മില്ലി വൈനോ കഴിച്ചാൽ കൂടി സിറോസിസ് ഉറപ്പാണ്. മദ്യപാനം നിർത്തുന്നതാണ് കരളിന് നാശം സംഭവിക്കാതിരിക്കാനുള്ള ഏറ്റവും നല്ല നടപടി
4. ശരീരത്തിന് അമിത ഭാരമുണ്ടെങ്കിൽ അത് ക്രമേണ കുറയ്ക്കുക തന്നെ വേണം. പക്ഷേ, വളരെ പെട്ടെന്ന് തൂക്കം കുറയ്ക്കുന്നതും കരളിന് നല്ലതല്ല.
5. ദിവസേനയുള്ള വ്യായാമം കരളിന് ആരോഗ്യം നൽകുന്നു. ദിവസവും 30–40 മിനിട്ട് വീതം കുറഞ്ഞത് ആഴ്ചയിൽ അഞ്ച് ദിവസമെങ്കിലും ചെയ്യുക.
6. കരളിനു ദോഷം ചെയ്യുന്ന മരുന്നുകൾ ഒഴിവാക്കുക. സാധാരണ ഉപയോഗിക്കുന്ന പാരസിറ്റമോൾ പോലും അധികമായാൽ കരളിനു കേടുണ്ടാക്കാം. ക്ഷയ രോഗചികിത്സയിൽ ഉപയോഗിക്കുന്ന മരുന്നുകളും ചിലപ്പോൾ പ്രശ്നം ഉണ്ടാക്കാം.
7. കരളിന് സ്വയം കേടുപാട് തീർക്കുവാനുള്ള കഴിവ് പ്രസിദ്ധമാണ്. ഇതിനെ സഹായിക്കുന്ന ചില ഔഷധങ്ങളും വിപണിയിലുണ്ട്. പക്ഷേ, ജീവിത ശൈലിയിലുള്ള ആരോഗ്യപരമായ മാറ്റം ആണ് കരൾ രോഗത്തിൽ നിന്ന് മോചനം കിട്ടുവാൻ ഉള്ള ഏറ്റവും സുഗമമായ മാർഗ്ഗം.
8. സിറോസിസ് രോഗം വന്നു കഴിഞ്ഞാൽ പൂർണരോഗവിമുക്തി അസാദ്ധ്യമാണ്. ഈ രോഗം കഠിനമാകുമ്പോൾ മഞ്ഞപ്പിത്തം, രക്തം ഛർദ്ദിക്കൽ, അബോധാവസ്ഥ എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഈ അവസ്ഥയിൽ തീവ്ര പരിചരണം മൂലം തൽക്കാലത്തേയ്ക്ക് രക്ഷപ്പെട്ടു എന്നു വരാം. പക്ഷേ, എല്ലാം ഔഷധങ്ങളും പരാജയപ്പെടുമ്പോൾ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ മാത്രമാണ് ഏക പോംവഴി.

സ്പോർട്സ്

## 'റിസ്വാനെ ക്യാപ്റ്റൻ സ്ഥാനത്ത് നിന്ന് നീക്കിയത് പലസ്തീനെ പിന്തുണച്ചത് മൂലം' മുൻ പാക് പാക് താരം



ഏകദിന ടീം ക്യാപ്റ്റൻ സ്ഥാനത്ത് നിന്ന് വിക്കറ്റ് കീപ്പർ ബാറ്റർ മുഹമ്മദ് റിസ്വാനെ ഏകദിന ടീം ക്യാപ്റ്റൻ സ്ഥാനത്ത് നിന്ന് വിക്കറ്റ് കീപ്പർ ബാറ്റർ മുഹമ്മദ് റിസ്വാനെ പുറത്താക്കിയതിനെ ചൊല്ലി വിവാദം. പലസ്തീന് ഐക്യദാർഢ്യം പ്രകടിപ്പിച്ചതിനാണ് റിസ്വാനെ കോച്ച് മൈക്ക് ഹെസ്സൺ ക്യാപ്റ്റൻ സ്ഥാനത്തു നിന്ന് പുറത്താക്കാൻ ക്രിക്കറ്റ് ബോർഡിനോട് ആവശ്യപ്പെട്ടതെന്ന് മുൻ താരം റഷീദ് ലത്തീഫ് ആരോപിച്ചു.

പലസ്തീൻ പതാക വീശിയതിൻറെ പേരിലും മതവിശ്വാസം പ്രോത്സാഹിപ്പിക്കുന്നതിൻറെ പേരിലുമാണ് റിസ്വാനെതിരെ നടപടിയെടുത്തതെന്നും ലത്തീഫ് ആരോപിച്ചു. കഴിഞ്ഞ വർഷം ബാബർ അസം ക്യാപ്റ്റൻ സ്ഥാനത്തുനിന്ന് പുറത്തായതോടെയാണ് മുഹമ്മദ് റിസ്വാൻ പാക് ഏകദിന ടീമിൻറെ ക്യാപ്റ്റനായത്. ക്യാപ്റ്റൻ സ്ഥാനത്ത് 20 മത്സരങ്ങളിൽ മാത്രമാണ് റിസ്വാൻ ടീമിനെ നയിച്ചത്.

റിസ്വാന് പകരം പേസർ ഷഹീൻ ഷാ അഫ്രീദിയെയാണ് പാക് ഏകദിന ടീമിൻറെ നായകനായി തെരഞ്ഞെടുത്തത്. മൂന്ന് ഫോർമാറ്റിലും മൂന്ന് ക്യാപ്റ്റൻമാരുള്ള പാക് ടീമിൽ ടി20 ടീമിനെ സൽമാൻ അലി ആഗയും ടെസ്റ്റ് ടീമിനെ ഷാൻ മസൂദുമാണ് നയിക്കുന്നത്.

## വിരാട് ഓസ്ട്രേലിയൻ മണ്ണിൽ തിളങ്ങും; പ്രസ്താവനയുമായി റിക്കി പോണ്ടിങ്



ഓസ്ട്രേലിയക്കെതിരെയുള്ള ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ ബാറ്റ് കൊണ്ട് പരാജയപ്പെട്ട ഇന്ത്യൻ സൂപ്പർതാരമായ വിരാട് കോഹ്ലിക്ക് പിന്തുണയുമായി മുൻ ഓസ്ട്രേലിയൻ ശഇതിഹാസ നായകൻ റിക്കി പോണ്ടിങ്. മുൻ കാലങ്ങളിലെ പോലെ തന്നെ വിരാട് എല്ലാം നേടാനുള്ള ആർജ്ജവമുള്ള കളിക്കാരനായി തന്നെ നിലനിൽക്കണമെന്നാണ് തന്റെ ആഗ്രഹമെന്നും പോണ്ടിങ് പറഞ്ഞു.

ലോകകപ്പിൽ വിരാടും മുൻ നായകൻ രോഹിത് ശർമയും കളിക്കണമെന്നുമാണ് ആഗ്രഹമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എല്ലാം നേടിയെന്ന് പറഞ്ഞ് ഒരു കളിക്കാരൻ ഇരിക്കുന്നത് തനിക്ക് ഒട്ടും ഇഷ്ടമല്ലെന്നും പോണ്ടിങ് കൂട്ടിച്ചേർത്തു.

'ഒരു കളിക്കാരനിൽ എനിക്ക് കേൾക്കാൻ ഒട്ടും ഇഷ്ടമല്ലാത്ത കാര്യമുണ്ടെങ്കിൽ അത് ഞാൻ എല്ലാം നേടിയെന്ന് പറഞ്ഞ് ഇരിക്കുന്നതാണ്. 2027 ലോകകപ്പിൽ കളിക്കുക എന്ന ലക്ഷ്യം ഇപ്പോഴും നിങ്ങളുടെ മുന്നിലുണ്ട്. വിരാട് എപ്പോഴും ഒരു മോട്ടിവേറ്റഡായി നിൽക്കുന്ന കളിക്കാരനാണ്. ഈ ഓസ്ട്രേലിയൻ പരമ്പരയിൽ പുതുതായി എന്തെങ്കിലും നേടാനായി വിരാട് ശ്രമിക്കും. അല്ലാതെ അടുത്ത ലോകകപ്പ് വരെ വെറും സമയം കളയാൻ ഉദ്ദേശിക്കുന്നില്ലെന്നുമാണ് എനിക്ക് തോന്നുന്നത്. വിരാട് അങ്ങനെയാണ് ചിന്തിക്കുന്നത് എന്ന് വിശ്വസിക്കാനാണ് എനിക്ക് താത്പര്യം,' പോണ്ടിങ് പറഞ്ഞു.

ചാമ്പ്യൻ താരങ്ങളെ എഴുതി തള്ളാൻ സാധിക്കില്ലെന്നും തിരിച്ചുവരവ് നടത്തിയാൽ 2027 ലോകകപ്പ് കളിക്കാനും സാധ്യതകളുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പെർത്തിലെ ഒപ്റ്റസ് സ്റ്റേഡിയത്തിൽ വെച്ച് നടന്ന ആദ്യ മത്സരത്തിൽ പൂജ്യത്തിനായിരുന്നും വിരാട് മടങ്ങിയത്. രോഹിത് എട്ട് റൺസെടുത്തും മടങ്ങി.

# 'ഓർമ്മയിൽ ഒരു പൂക്കാലം' പ്രകാശനം ചെയ്തു




മേപ്പയ്യൂർ: ആർ.കെ.മാധവൻ നായർ സകലകലാവല്ലഭനാണെന്നും അമ്പത് വർഷം മുമ്പ് അദ്ദേഹം കൈരളി റേഡിയോ ക്ലബ്ബ് മേപ്പയ്യൂരിന്റെ ഭാഗമായി കോഴിക്കോട് ആകാശവാണിയിൽ ഒട്ടനവധി പരിപാടികൾ അവതരിപ്പിച്ചിരുന്നെന്നും പ്രശസ്ത കവി പി.പി.ശ്രീധരനുണ്ണി പറഞ്ഞു. അദ്ദേഹത്തിന്റെ കഥാപ്രസംഗ രചനകളും, കവിതകളുമെല്ലാം സാമൂഹിക പ്രതിബദ്ധമാണ്. ആർ.കെമാധവൻ നായരുടെ സാഹിത്യകൃതിയായ 'ഓർമ്മയിൽ ഒരു പൂക്കാലം' എന്ന പുസ്തകത്തിന്റെ പ്രകാശനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കണ്ണൂർ ഡി.എം.ഒയും, പ്രഭാഷകനും, എഴുത്തുകാരനുമായ ഡോ.പീയൂഷ് എം.നമ്പൂതിരിപ്പാട് പുസ്തകം ഏറ്റുവാങ്ങി. ഗുരുത്വമെന്നത് പുതു തലമുറ മറന്നുപോകുന്നുണ്ടെന്നും, മാതൃഭാഷയായ മലയാളത്തെ സ്നേഹിക്കുന്നത് അമ്മയെയും, അച്ഛനെയും സ്നേഹിക്കുന്നതിന് തുല്ല്യമാണെന്നും ഡോ.പിയൂഷ് എം.നമ്പൂതിരിപ്പാട് പറഞ്ഞു. നമ്മുടെ നാടിന്റെ നല്ല സംസ്കാരത്തെ പുതുതലമുറ ചേർത്ത് പിടിക്കണം. സത്യവും, ധർമ്മവും മരിക്കാൻ അനുവദിക്കരുത്. വയോജനങ്ങളെ അപഹാസ്യരാക്കപ്പെടുന്ന കാലം കെട്ടകാലമാണ്. ജാതി-മത-വർഗ്ഗീയ ചിന്തകൾ, കക്ഷിരാഷ്ട്രീയം എന്നിവയുടെ വിഭാഗീയത നമ്മുടെ മഹത്തായ സംസ്കൃതിയെയാണ് തകർക്കുന്നത്. നന്മ പറയാൻ നാം മടിക്കരുത്. കുറ്റവും, കുറവും പറയുന്നതിന് പകരം നന്മയെ മാറോടണയ്ക്കണമെന്നദ്ദേഹം കൂട്ടിച്ചേർത്തു.

മേപ്പയ്യൂർ പഞ്ചായത്ത് പ്രസിഡണ്ട് കെ.ടിരാജൻ ഉദ്ഘാടനം നിർവ്വഹിച്ചു. പി.ആനന്ദകിഷോർ അധ്യക്ഷത വഹിച്ചു. ആർ.കെമാധവൻ നായരുടെ ചിത്ര പ്രദർശനം പ്രശസ്ത പക്ഷി നിരീക്ഷകനും, ചിത്രകാരനുമായ മേപ്പയ്യൂർ സത്യൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ആർ.കെ.ഇരവിൽ ആമുഖ ഭാഷണം നടത്തി. പി.പങ്കജാക്ഷൻ മാസ്റ്റർ, കെ.എസ്. രമേഷ് ചന്ദ്ര, പീപ്പിൾസ് റിവ്യൂ പത്രാധിപർ പി.ടി.നിസാർ, എം.എം.കരുണാകരൻ മാസ്റ്റർ, എം.പി.രാജൻ മാസ്റ്റർ ആശംസകൾ നേർന്നു. ആർ.കെ.മാധവൻ നായർ മറുമൊഴി നടത്തി. കൈരളി സാംസ്കാരിക വേദി സെക്രട്ടറി ബി.വിനോദ് കുമാർ സ്വാഗതവും, വൈസ് പ്രസിഡണ്ട് ഡോ.എസ്.എൻ.സൂരജ് നന്ദിയും പറഞ്ഞു. പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസാണ് പ്രസാധകർ.

## പഞ്ചായത്ത് ആശാവർക്കറുടെ മകനെ ക്ഷേത്ര കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തി

പാലക്കാട്: പാലക്കാട് ക്ഷേത്ര കുളത്തിൽ യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി. പാലക്കാട് ശ്രീകൃഷ്ണപുരം മണ്ണംപറ്റ ക്ഷേത്ര കുളത്തിലാണ് യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തിയത്. മണ്ണംപറ്റ ഇല്ലിക്കോട്ടിൽ ദീപക്ക് (22) ആണ് മരിച്ചത്. ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ ആശാവർക്കറായ ദീപയുടെയും പരേതനായ രാമദാസൻറെ മകനാണ് ദീപക്. സംഭത്തെതുടർന്ന് പൊലീസ് സ്ഥലത്തെത്തി തുടർ നടപടി സ്വീകരിച്ചു. ഇൻക്വസ്റ്റ് നടപടികൾക്കുശേഷം പോസ്റ്റ്മോർട്ടത്തിനായി കൊണ്ടുപോകും. മരണകാരണം വ്യക്തമല്ല. ഇന്ന് രാവിലെയാണ് സംഭവം. പോസ്റ്റ്മോർട്ടത്തിനുശേഷണായിരിക്കും മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകുക.

# സംസ്ഥാനത്ത് ക്ഷേമപെൻഷൻ കൂട്ടുന്നു; 200 കൂട്ടി 1800 രൂപയാക്കും



തിരുവനന്തപുരം: സംസ്ഥാനത്ത് ക്ഷേമ പെൻഷൻ കൂട്ടാൻ ആലോചന. 200 രൂപ കൂട്ടി പ്രതിമാസ പെൻഷൻ 1800 രൂപയാക്കണമെന്ന നിർദ്ദേശമാണ് ധനവകുപ്പ് സജീവമായി പരിഗണിക്കുന്നത്. പെൻഷൻ വർദ്ധനവ് അടക്കം വിവിധ ക്ഷേമ പദ്ധതി പ്രഖ്യാപനങ്ങൾ തദ്ദേശ തെരഞ്ഞെടുപ്പിന് മുന്നോടിയായി കേരളപ്പിറവി ദിനത്തിൽ തന്നെ ഉണ്ടാകാനാണ് സാധ്യത.

സംസ്ഥാനത്തെ 60 ലക്ഷം പേരിലേക്ക് നേരിട്ടെത്തുന്നതാണ് ക്ഷേമ പെൻഷൻ. ഘട്ടംഘട്ടമായി 2500 രൂപയാക്കി പെൻഷൻ കൂട്ടുമെന്നത് ഇടതു മുന്നണി പ്രകടന പത്രികയിലെ വലിയ വാഗ്ദാനങ്ങളിലൊന്നുമാണ്. ഒന്നാം പിണറായി സർക്കാരിൻറെ അവസാനകാലത്ത് 2021ലാണ് അവസാനമായി പെൻഷൻ കൂട്ടിയതും 1600 രൂപയാക്കിയതും. കടുത്ത സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പിന്നീടതിൽ വർദ്ധനവൊന്നും ഉണ്ടായിട്ടില്ല. ഒന്നിന് പുറകെ ഒന്നായി രണ്ട് തെരഞ്ഞെടുപ്പ് വരാനിരിക്കെയാണ് പെൻഷൻ കൂട്ടുന്ന പ്രഖ്യാപനത്തിന് ധനവകുപ്പിൽ ഒരുക്കം നടക്കുന്നത്. 200 രൂപയെങ്കിലും കൂട്ടി പെൻഷൻ 1800 രൂപയാക്കാനുള്ള നിർദ്ദേശം വകുപ്പിൻറെ സജീവ പരിഗണനയിലാണ്. ഇതോടൊപ്പം ഒരു മാസത്തെ കുടിശിക തീർത്ത് കൊടുക്കാനുള്ള തീരുമാനവും പ്രതീക്ഷിക്കുന്നുണ്ട്.

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലും ഡിഎ കുടിശികയിലും ആശാ വർക്കർമാരുടെ ഓണറേറിയം വർദ്ധനയിലും എല്ലാം നിർണ്ണായക പ്രഖ്യാപനങ്ങളും ഉണ്ടാകാനിടയുണ്ടെന്നാണ് സർക്കാർ വൃത്തങ്ങൾ നൽകുന്ന സൂചന. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഇടത് സർവ്വീസ് സംഘടനകൾ കഴിഞ്ഞ ദിവസം സെക്രട്ടേറിയറ്റിന് മുന്നിൽ പ്രതിഷേധിച്ചിരുന്നു. ഇത് സർക്കാർ നീക്കം മുന്നിൽ കണ്ടാണെന്ന സൂചനയും ഉണ്ടായിരുന്നു.



*ജപ്പാൻ ഷിറ്റോ റിയോ കരാട്ടെ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഹിമായത്തുൽ ഇസ് ലാം ഹയർ സെക്കന്ററി സ്കൂളിൽ സംഘടിപ്പിച്ച ബെൽറ്റ് എ ക്സാമിനേഷനിൽ വിജയികളായവർ.*

# കരാട്ടെ ബെൽറ്റ് എക്സാമിനേഷൻ സംഘടിപ്പിച്ചു

ജപ്പാൻ ഷിറ്റോ റിയോ കരാട്ടെ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ഹിമായത്തുൽ ഇസ് ലാം ഹയർ സെക്കന്ററി സ്കൂളിൽ ബെൽറ്റ് എക്സാമിനേഷൻ സംഘടിപ്പിച്ചു. വിജയികൾക്കുള്ള ബെൽറ്റും സർട്ടിഫിക്കറ്റും സ്കൂൾ മാനേജർ പി. കെ. വി അബ്ദുൽ അസീസ് വിതരണം ചെയ്തു. പി. ടി. എ പ്രസിഡന്റ് കെ. പി നൗഷാദ് അധ്യക്ഷത വഹിച്ചു.

പ്രിൻസിപ്പൽ ടി. പി മുഹമ്മദ് ബഷീർ മുഖ്യ പ്രഭാഷണം നടത്തി. കരാട്ടെ ഇൻസ്ട്രക്ടർ ഐശ്വര്യ, കെ. റിയാസ്, കെ. വി ഷാനി, ഷാനവാസ്, ആലിക്കോയ, ആതിര എന്നിവർ ആശംസകൾ നേർന്നു. ഹെഡ്മാസ്റ്റർ വി. കെ ഫൈസൽ സ്വാഗതവും സ്കൂൾ കായികാധ്യാപകൻ സി. ടി ഇൽ യാസ് നന്ദിയും പറഞ്ഞു.

# രാത്രി വനിതാ ഹോസ്റ്റലിൽ അതിക്രമിച്ച് കയറാൻ ശ്രമം; യുവാവ് പിടിയിൽ

കണ്ണൂർ: വനിതാ ഹോസ്റ്റലിൽ അതിക്രമിച്ചു കയറാൻ ശ്രമിച്ച യുവാവ് പിടിയിൽ. കണ്ണൂർ താവക്കരയിലെ ഹോസ്റ്റലിൽ ഇന്നലെ രാത്രി പത്തുമണിയോടെയായിരുന്നു സംഭവം. ഹോസ്റ്റലിലെ താമസക്കാർ പൊലീസിൽ വിവരമറിയിച്ചതിന് പിന്നാലെയാണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്. യുവാവ് മദ്യലഹരിയിലാണ് അതിക്രമം നടത്തിയതെന്നാണ് പൊലീസ് വ്യക്തമാക്കുന്നത്.

പ്രതിയായ യുവാവ് ഇന്നലെ രാത്രി ഹോസ്റ്റലിന് സമീപമെത്തിയത് ജീപ്പിലായിരുന്നു. ശേഷം ഹോസ്റ്റലിന് പുറത്ത് ജീപ്പ് നിർത്തി. ഇയാൾ ഹോസ്റ്റലിന്റെ മതിൽ ചാടിക്കടക്കുന്നത് ചില താമസക്കാർ കാണുകയും വാർഡനെ വിവരം അറിയിക്കുകയുമായിരുന്നു. തുടർന്ന് സെക്യൂരിറ്റി ജീവനക്കാർ എത്തിയപ്പോൾ ഇയാൾ ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. പിന്നാലെ ജീവനക്കാർ ഇയാളെ പിടികൂടി പൊലീസിൽ ഏൽപ്പിക്കുകയായിരുന്നു

## കരിപ്പൂർ വിമാനത്താവളത്തിലെ വൻ ലഹരിവേട്ട;
# തൃശൂർ സ്വദേശിയിൽ നിന്ന് എംഡിഎംഎ കൈപ്പറ്റാനെത്തിയവർ പിടിയിൽ



മലപ്പുറം: കരിപ്പൂർ വിമാനത്താവളത്തിലെ വൻ ലഹരിവേട്ടയിൽ രണ്ടുപേർ കൂടി പിടിയിൽ. ഒമാനിൽ നിന്നെത്തിയ തൃശൂർ കൊരട്ടി സ്വദേശി എ ലിജീഷിൽ നിന്ന് ലക്ഷങ്ങൾ വില മതിക്കുന്ന മയക്കുമരുന്ന് പിടികൂടിയ സംഭവത്തിൽ മലപ്പുറം ചീക്കോട് സ്വദേശികളായ റഫ്നാസ്, ശിഹാബുദ്ദീൻ എന്നിവരാണ് ഇപ്പോൾ അറസ്റ്റിലായിരിക്കുന്നത്. ലിജീഷിൽ നിന്ന് ഒരു കിലോ എംഡിഎംഎ ആണ് പിടികൂടിയത്. ഇത് കൈപ്പറ്റാൻ എത്തിയവരാണ് ഇന്നലെ രാത്രി പിടിയിലായത്.

ലിജീഷ് പിടിയിലായതറിഞ്ഞ് റഫ്നാസും ശിഹാബുദ്ദീനും രക്ഷപ്പെട്ടിരുന്നു. ഇവരെ പിടികൂടാൻ പൊലീസ് അന്വേഷണം ഊർജിതമാക്കിയിരുന്നു. തുടർന്നാണ് ഇന്നലെ ഇരുവരെയും പൊലീസ് കസ്റ്റഡിയിലെടുത്തത്.വിമാനത്താവളത്തിന് പുറത്തുവച്ചായിരുന്നു പൊലീസ് ലിജീഷിനെ എംഡിഎംഎയുമായി പിടികൂടിയത്. കാർഡ് ബോർഡ് പെട്ടിയിൽ 21 പാക്കറ്റുകളിലാക്കി മറ്റ് വസ്തുക്കൾക്കിടയിൽ മയക്കുമരുന്ന് ഒളിപ്പിച്ച് കടത്തുകയായിരുന്നു. ദിവസങ്ങൾക്ക് മുൻപാണ് ഇയാൾ വിദേശത്തേക്ക് പോയതെന്ന് പൊലീസ് പറയുന്നു. മലപ്പുറം ഡാൻസാഫ് സംഘവും കരിപ്പൂർ പൊലീസും സംയുക്തമായിട്ടാണ് പരിശോധന നടത്തിയത്. ആർക്കുവേണ്ടിയാണ് ഇത് എത്തിച്ചത് എന്നതടക്കമുള്ള കാര്യങ്ങൾ പൊലീസ് അന്വേഷിച്ച് വരികയാണ്. പ്രതിയെ കൂടുതൽ ചോദ്യം ചെയ്ത് വരികയാണെന്ന് പൊലീസ് വ്യക്തമാക്കി.

# വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് കപ്പലുകൾക്ക് ഇന്ധനം നൽകുന്ന ഷിപ്പ് ടു ഷിപ്പ് ബങ്കറിങ് സർവീസ് തുടങ്ങി

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് കപ്പലുകൾക്ക് ഇന്ധനം നൽകുന്ന ഷിപ്പ് ടു ഷിപ്പ് ബങ്കറിങ് സർവീസ് തുടങ്ങി. അദാനി ബങ്കറിങ് കമ്പനിയുടെ നേതൃത്വത്തിൽ എം ടി ഷോൺ 1 കപ്പലിൽ നിന്ന് വിഴിഞ്ഞം തുറമുഖത്തിന്റെ ആങ്കറേജിലുള്ള എംഎസ്സി അക്കിറ്റെറ്റ എന്ന കപ്പലിലാണ് വെരി ലോ സൾഫർ ഫ്യുവൽ ഓയിൽ (ഢഘടഎഛ) നിറച്ചത്.

വിഴിഞ്ഞത്ത് ഈ സേവനം തുടങ്ങിയതോടെ കപ്പലുകളിൽ ഇന്ധനം നിറയ്ക്കാൻ വിദേശ തുറമുഖങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കാൻ കഴിയുമെന്ന് മന്ത്രി വി.എൻ. വാസവൻ. ഇന്ത്യയുടെ ട്രാൻഷിപ്മെന്റ് ഹബ് ആയി വളരുന്ന വിഴിഞ്ഞം, ലോകോത്തര കപ്പൽ കമ്പനികളുടെ ഇന്ധനം നിറയ്ക്കൽ കേന്ദ്രമായും അധികം വൈകാതെ മാറുമെന്നും സമൂഹമാധ്യമത്തിലെ കുറിപ്പിൽ അദ്ദേഹം പറഞ്ഞു.

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ രണ്ടാംഘട്ട നിർമാണം നവംബർ അഞ്ചിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 2028 ഡിസംബറിൽ നിർമാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

1200 മീറ്റർ ബെർത്തിന്റെ നിർമാണം, ക്രെയിൻ സ്ഥാപിക്കൽ, കണ്ടെയ്നർ യാഡിന്റെയും, അടിസ്ഥാന സൗകര്യങ്ങളുടെയും വികസനം, ഒരു കിലോമീറ്റർ പുലിമുട്ട് നിർമാണം, ലിക്വിഡ് ബെർത്ത് നിർമാണം, ലിക്വിഡ് കാർഗോ സംഭരണ നിർമാണം, കടൽ നികത്തി 77.17 ഹെക്ടർ കരഭൂമി തയാറാക്കൽ ഇവയൊക്കെയാണ് രണ്ടാം ഘട്ടത്തിൽ പൂർത്തിയാകുക. ഇതോടെ വിഴിഞ്ഞത്തെ വാർഷിക സ്ഥാപിത ശേഷി 40 ലക്ഷം കണ്ടെയ്നറാകും. 15,000 കോടി രൂപയോളം അദാനി പോർട്ട് മുതൽമുടക്കും. ഈ ഘട്ടത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് പണം മുടക്കുന്നില്ല.

# ഉറങ്ങിക്കിടക്കുകയായിരുന്ന വൃദ്ധദമ്പതികൾക്ക് പുലിയുടെ ആക്രമണത്തിൽ ദാരുണാന്ത്യം

മഹാരാഷ്ട്രയിലെ കോലാപ്പൂരിലാണ് സംഭവം. ആടുവളർത്തലിലൂടെ ഉപജീവനമാർഗം കണ്ടെത്തിയ ദമ്പതികൾ കാഡ്വി അണക്കെട്ടിന് സമീപം പുല്ലുമേഞ്ഞ ഒരു ഷെഡിലായിരുന്നു താമസിച്ചിരുന്നത്.

ഉറങ്ങിക്കിടക്കുന്ന സമയത്ത് ഒരു പുള്ളിപ്പുലി ഇരുവരേയും ആക്രമിക്കുകയും വീട്ടിൽ നിന്ന് വലിച്ചിഴച്ചു പുറത്തേക്ക് കൊണ്ടുപോവുകയുമായിരുന്നു. ശനിയാഴ്ച അർദ്ധരാത്രിയിൽ ആണ് സംഭവം. 75 വയസ്സുകാരനായ നിനോ കങ്ക്, 70 വയസ്സുകാരിയായ രുക്മിണിബായി കങ്ക് എന്നിവരാണ് ദാരുണമായി കൊല്ലപ്പെട്ടത്. കാഡ്വി അണക്കെട്ടിന് സമീപത്തേക്ക് കൊണ്ടുപോയാണ് ഇവരെ ആക്രമിച്ചത്

ഇരുവരെയും ക്രൂരമായി ഉപദ്രവിക്കുകയും നിനോ കങ്കിനെ അണക്കെട്ടിലെ വെള്ളത്തിലേക്ക് വലിച്ചിഴക്കുകയും ചെയ്തതായി റിപ്പോർട്ടുണ്ട്. പാതി തിന്ന നിലയിലും അംഗഭംഗം വന്ന നിലയിലുമായിരുന്നു ഇരുവരുടേയും മൃതദേഹം കിടന്നത്. രാവിലെയാണ് സംഭവം പരിസരവാസികൾ കണ്ടത്. ഫോറസ്റ്റ് റേഞ്ച് ഓഫീസർ ഉജ്വല മഗ്ദിന്റേയും, പോലീസ് ഇൻസ്പെക്ടർ വിജയ് ഘെർഡെയുടേയും നേതൃത്വത്തിലുള്ള സംഘമെത്തി സ്ഥലത്ത് പരിശോധന നടത്തി. മൃതദേഹങ്ങൾ പിന്നീട് പോസ്റ്റ്മോർട്ടത്തിനായി മാൽകാപ്പൂർ റൂറൽ ആശുപത്രിയിലേക്ക് മാറ്റി.

# വൃക്ക വാഗ്ദാനം ചെയ്ത് രോഗിയിൽനിന്ന് ആറുലക്ഷം രൂപ തട്ടിയതായി പരാതി

കണ്ണൂർ:വൃക്ക വാഗ്ദാനംചെയ്ത് രോഗിയിൽനിന്ന് ആറുലക്ഷം രൂപ തട്ടിയതായി പരാതി. പട്ടാന്നൂർ സ്വദേശി ഷാനിഫ് (30) ആണ് തട്ടിപ്പിനിരയായത്. വൃക്കരോഗിയായ ഷാനിഫിന് 'ഡോണറെ' നൽകാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് ആറുലക്ഷം രൂപ തട്ടിയെടുത്തുവെന്നാണ് ആറളം പോലീസിൽ നൽകിയ പരാതിയിൽ പറയുന്നത്. വീർപാട് സ്വദേശി നൗഫൽ എന്ന സത്താർ, നിബിൻ എന്ന അപ്പു, ഗഫൂർ എന്നിവർക്ക് എതിരെയാണ് പരാതി.

2024 ഡിസംബർമുതൽ ഒക്ടോബർ വരെയുള്ള കാലയളവിലാണ് തട്ടിപ്പ്. മൂന്നുലക്ഷം രൂപ പണമായും ബാക്കി മൂന്നു ലക്ഷം രൂപ ബാങ്കു വഴിയുമാണ് നൽകിയതെന്ന് പറയുന്നു. കൂട്ടുപ്രതി നിബിനെ ഡോണറായി പരിചയപെടുത്തിയായിരുന്നു തട്ടിപ്പ്. തട്ടിപ്പ് ആസൂത്രണം ചെയ്ത മുഖ്യ പ്രതി നൗഫൽ ഒളിവിലാണ്. ആറളം പോലീസ് എസ്ഐ കെ. ഷുഹൈബിന്റെ നേതൃത്വത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.

കേരളത്തിൽ പല ഭാഗങ്ങളിലും നൗഫൽ സമാനമായ തട്ടിപ്പ് നടത്തിയിട്ടുണ്ടെന്ന് പോലീസ് പറഞ്ഞു. ആരും പരാതിയുമായി മുന്നോട്ട് വരാത്തതാണ് ഇത്തരം തട്ടിപ്പുകാർ തഴച്ചുവളരാൻ കാരണം. വൃക്കതകാറിലായ ഷാനിഫിന് ആദ്യം നടത്തിയ ശസ്ത്രക്രിയ പരാജയപ്പെട്ടിരുന്നു. ഉമ്മയുടെ വൃക്കയായിരുന്നു നൽകിയത്. വീണ്ടും അസുഖം പിടിപെട്ടതോടെ നാട്ടുകാർ ചേർന്ന് ചികിത്സാസഹായ നിധി രൂപവത്കരിച്ച് പണം പിരിച്ചുനൽകിയത്. ഈ പണമാണ് തട്ടിപ്പ് സംഘം തട്ടിയെടുത്തത്. ചികിത്സാസഹായ കമ്മിറ്റിയെയും തട്ടിപ്പുകാരൻ ബന്ധപ്പെട്ടിരുന്നു. ഇവരെയും പറഞ്ഞുവിശ്വസിപ്പിച്ചശേഷമാണ് കമ്മറ്റി ഭാരവാഹികളിൽനിന്നും മൂന്നുലക്ഷം രൂപ കൈപ്പറ്റിയത്. പണം മുഴുവൻ നഷ്ടമായതോടെ അസുഖം കൊണ്ട് വലയുന്ന ഷാനിഫിന് ഒരു വർഷത്തോളമായി ചികിത്സ ലഭിക്കാതെയായി.

# നവി മുംബയിലെ കെട്ടിടത്തിൽ വൻ തീപിടിത്തം; മരിച്ചവരിൽ മൂന്ന് മലയാളികളും, പത്തുപേർക്ക് പരിക്ക്




മുംബൈ: നവി മുംബയിലെ താമസ സമുച്ചയത്തിലുണ്ടായ തീപിടിത്തത്തിൽ മൂന്ന് മലയാളികളടക്കം നാലു പേർ മരിച്ചു. പത്തുപേർക്ക് പരിക്കേറ്റു. മരണപ്പെട്ടവരിൽ ആറുവയസുകാരിയായ പെൺകുട്ടിയുമുണ്ട്. മുംബയ് വാഷിയിലെ എംജി കോംപ്ലക്സിൽ റഹേജ റെസിഡൻസിയിലാണ് തീപിടിത്തമുണ്ടായത്. ഇന്ന് പുലർച്ചെയായിരുന്നു അപകടമുണ്ടായത്.

പുലർച്ചെ 12.40ഓടെ കെട്ടിടത്തിലെ പത്താം നിലയിലുണ്ടായ തീപിടിത്തം 11, 12 നിലകളിലേയ്ക്ക് വ്യാപിക്കുകയായിരുന്നു. വേദിക സുന്ദർ ബാലകൃഷ്ണൻ (ആറ്), സുന്ദർ ബാലകൃഷ്ണൻ (44), പൂജ രാജൻ (39) എന്നിവരാണ് തീപിടിത്തത്തിൽ മരണപ്പെട്ട മലയാളികൾ. കമല ഹീരാലാൽ ജെയിൻ (84) ആണ് മരണപ്പെട്ട മറ്റൊരാൾ. ഇവരെല്ലാവരും രഹേജ റെസിഡൻസിയിലെ താമസക്കാരാണ്. അപകടത്തിൽ പരിക്കേറ്റവരെ ഫോർട്ടിസ് ഹീരാനന്ദനി, എംജിഎം എന്നീ ആശുപത്രികളിൽ പ്രവേശിപ്പിച്ചു.തീപിടിത്തത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനിടെ നാലുപേരെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നുവെന്നും പതിനഞ്ചോളം പേരെ രക്ഷപ്പെടുത്തിയതായും നവി മുംബയ് മുനിസിപ്പൽ കോർപ്പറേഷൻ ചീഫ് ഫയർ ഓഫീസർ പുരുഷോത്തം ജാദവ് പറഞ്ഞു. തീപിടിത്തത്തിനുള്ള കാരണം വ്യക്തമല്ലെന്നും അദ്ദേഹം അറിയിച്ചു.വാഷി, നെറുൽ, എയ്റോലിസ കോപർഖൈറാനെ എന്നിവിടങ്ങളിൽ നിന്നാണ് അഗ്നിരക്ഷാസേനയെത്തിയത്. ഏറെ നേരത്തെ ശ്രമത്തിനുശേഷം തീ നിയന്ത്രണവിധേയമാക്കിയതായും കെട്ടിടത്തിനുള്ളിൽ ആരും കുടുങ്ങിയിട്ടില്ലെന്നും അഗ്നിരക്ഷാ സേന ഉദ്യോഗസ്ഥർ അറിയിച്ചു. വാഷി അഗ്നിരക്ഷാസേന, നവി മുംബയ് മുനിസിപ്പൽ കോർപ്പറേഷൻ എന്നിവർ സംഭവത്തിൽ അന്വേഷണം ആരംഭിച്ചു.

# ഒളിമ്പിക്സ് മാതൃകയിലുള്ള അറുപത്തി ഏഴാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് ഒരുങ്ങി തലസ്ഥാനം

## ഉദ്ഘാടനം ഇന്ന് വൈകുന്നേരം 4 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ






തിരുവനന്തപുരം : ഒളിമ്പിക്സ് മാതൃകയിലുള്ള അറുപത്തി ഏഴാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് ഒരുങ്ങി തലസ്ഥാനം. ഇന്ന് മുതൽ 28 വരെയാണ് കായികമേള സംഘടിപ്പിക്കുന്നത്. ഇന്ന് വൈകുന്നേരം 4.00 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും. ഉദ്ഘാടനച്ചടങ്ങിനോടനുബന്ധിച്ച് നടക്കുന്ന കലാപരിപാടികളുടെയും മാസ്ഡ്രില്ലിന്റെയും റിഹേഴ്സൽ ഇന്ന് രാവിലെ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി വിലയിരുത്തി. പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻഎസ്കെ ഉമേഷും റിഹേഴ്സൽ കാണാനെത്തി. പുത്തരിക്കണ്ടം മൈതാനത്ത് സജ്ജമാക്കിയ ഭക്ഷണപ്പുരയിൽ വൈകീട്ട് നാല് മണിക്ക് മന്ത്രി വി.ശിവൻകുട്ടിയുടെ നേതൃത്വത്തിൽ പാലുകാച്ചൽ ചടങ്ങ് നടന്നു.ചടങ്ങിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം കോർപ്പറേഷൻ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ മേടയിൽ വിക്രമൻ തുടങ്ങിയവർ പങ്കെടുത്തു. പഴയിടം മോഹനൻ നമ്പൂതിരിയുടെ നേതൃത്വത്തിലാണ് ഭക്ഷണപ്പുരയുടെ പ്രവർത്തനം. രണ്ടായിരത്തി അഞ്ഞൂറോളം പേർക്ക് ഒരേ സമയം ഇരുന്ന് ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള വിപുലമായ ഭക്ഷണശാലയാണ് പുത്തരിക്കണ്ടം മൈതാനത്ത് ഒരുക്കിയിട്ടുള്ളത്. ഇതടക്കം 4 പാചകപ്പുരകളും പാകം ചെയ്ത ഭക്ഷണം മറ്റ് നാലിടങ്ങളിൽ എത്തിച്ചുനൽകാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

കായികതാരങ്ങളുടെ മാർച്ച് പാസ്റ്റോടെയാകും നാളത്തെ ഉദ്ഘാടനച്ചടങ്ങിന് തുടക്കമാവുക. തുടർന്ന് ഇന്ത്യൻ ഫുട്ബോളിന്റെ അഭിമാനതാരം ഐ.എം.വിജയൻ മന്ത്രി വി.ശിവൻകുട്ടിയ്ക്കൊപ്പം ദീപശിഖ കൊളുത്തും. പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. ക്രിക്കറ്റ് താരം സഞ്ജു സാംസൺ ആണ് മേളയുടെ ബ്രാന്റ് അംബാസഡർ. ചലച്ചിത്ര താരം കീർത്തി സുരേഷ് മേളയുടെ ഗുഡ്വിൽ അംബാസഡർ ആണ്. ഉദ്ഘാടന ചടങ്ങിന് ശേഷം കേരളത്തിന്റെ സാംസ്കാരിക പൈതൃകവും പാരമ്പര്യവും വിളിച്ചോതുന്ന കലാപരിപാടികൾ അരങ്ങേറും. മൂവായിരത്തോളം കുട്ടികൾ പങ്കെടുക്കുന്ന സാംസ്കാരിക പരിപാടികളും ഓരോ ജില്ലയിൽ നിന്നും മുന്നൂറ് കുട്ടികൾ പങ്കെടുക്കുന്ന വിപുലമായ മാർച്ച് പാസ്റ്റുമാണ് ഒരുക്കിയിരിക്കുന്നത്. പതിനാറോളം സബ് കമ്മിറ്റികളുടെ നേതൃത്വത്തിൽ മേളയ്ക്കായുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി. ഒക്ടോബർ 22 മുതൽ 28 വരെ 12 വേദികളിലായി കായിക മത്സരങ്ങൾ നടക്കും.മേളയിൽ ഇൻക്ലൂസീവ് സ്പോർട്സിന്റെ ഭാഗമായി 1944 കായിക താരങ്ങൾ അടക്കം ഇരുപതിനായിരത്തിലധികം താരങ്ങൾ പങ്കെടുക്കുന്നു. ഗൾഫ് മേഖലയിൽ കേരള സിലബസ് പഠിപ്പിക്കുന്ന ഏഴ് സ്കൂളുകളിൽ നിന്നും 35 കുട്ടികൾ മേളയിൽ പങ്കെടുക്കുന്നുണ്ട്. ഇത്തവണ 12 പെൺകുട്ടികൾ കൂടി ഈ സംഘത്തിൽ ഉണ്ടെന്ന പ്രത്യേകതയുമുണ്ട്.ആയിരത്തോളം ഒഫീഷ്യൽസും രണ്ടായിരത്തോളം വോളന്റിയേഴ്സും കായിക മാമാങ്കത്തിന്റെ ഭാഗമാകുന്നു. സ്കൂൾ കായിക മേള ചരിത്രത്തിൽ ആദ്യമായി പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ ഗാനരചനയും സംഗീത സംവിധാനവും ഗാനാലാപനവും നിർവ്വഹിച്ച തീം സോംഗാണ് ഇത്തവണത്തേത്.

ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് മുഖ്യമന്ത്രിയുടെ പേരിലുള്ള സ്വർണ്ണക്കപ്പാണ് ഇത്തവണ നൽകുന്നത്. ഒക്ടോബർ 16 ന് കാസർകോഡ് നീലേശ്വരത്ത് നിന്ന് ആരംഭിച്ച ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിയുടെ പര്യടനം മറ്റെല്ലാ ജില്ലകളും താണ്ടി ഇന്നലെ തിരുവനന്തപുരത്തെത്തിയിരുന്നു. ഇന്ന് തിരുവനന്തപുരം ജില്ലയിലെ മുഴുവൻ മണ്ഡലങ്ങളിലൂടെയും സ്വർണ്ണക്കപ്പുമായുള്ള ഘോഷയാത്ര സഞ്ചരിച്ചു.നാളെ(21ന്) രാവിലെ 10ന് പട്ടം ഗേൾസ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ എത്തിച്ചേരുന്ന സ്വർണ്ണക്കപ്പ് ഘോഷയാത്ര അവിടെ നിന്നും ഉദ്ഘാടന വേദിയായ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലേക്ക് എത്തും. ഒക്ടോബർ 19ന് എറണാകുളത്ത് നിന്ന് ആരംഭിച്ച ദീപശിഖാ പ്രയാണം തിരുവനന്തപുരം നഗരത്തിലെ വിവിധ സ്കൂളുകളിൽ സ്വീകരണം ഏറ്റുവാങ്ങി പട്ടം ഗേൾസ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ട്രോഫി ഘോഷയാത്രയുമായി ചേരും.

പത്ത് വർഷമായി കേരളത്തിൽ ഉണ്ടായ കായിക നേട്ടങ്ങളെ കുറിച്ചുള്ള സമഗ്ര എക്സിബിഷനും അതിന്റെ ഭാഗമായുള്ള ചെറിയ കായിക വിനോദങ്ങളും പുത്തരിക്കണ്ടത്ത് ഭക്ഷണശാലയ്ക്കൊപ്പം ഒരുക്കിയിട്ടുണ്ട്. കായിക താരങ്ങളുടെ താമസത്തിനായി എഴുപത്തിനാലോളം സ്കൂളുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. കുട്ടികളുടെ സഞ്ചാരത്തിനായി 142 ബസ്സുകൾ വിവിധ സ്കൂളുകളിൽ നിന്നും സജ്ജമാക്കിയിട്ടുണ്ട്. മൈതാനങ്ങളിലും താമസ സ്ഥലത്തും പോലീസിന്റെ നേതൃത്വത്തിൽ സുരക്ഷ ക്രമീകരിച്ചിട്ടുണ്ട്. നിരോധിത ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നില്ല എന്ന് ഉറപ്പാക്കാൻ ഗ്രൗണ്ടുകളിലും താമസ സ്ഥലത്തും എക്സൈസിന്റെ പ്രത്യേക ജാഗ്രതാ നിരീക്ഷണം ഉണ്ടായിരിക്കും. മെഡിക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ കായിക താരങ്ങൾക്ക് കളിസ്ഥലങ്ങളിലും താമസ സ്ഥലത്തും ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, സ്പോർട്സ് ആയുർവേദ, ഫിസിയോ തെറാപ്പി, സ്പോർട്സ് മെഡിസിൻ എന്നിവയുടെ സൗകര്യവും ആംബുലൻസ് സർവ്വീസും പ്രത്യേക മെഡിക്കൽ ടീം സേവനവും ഏർപ്പാടാക്കിയിട്ടുണ്ട്.

# ഹിജാബ് വിവാദം; കുട്ടി ഇന്ന് ടിസി വാങ്ങില്ല, കോടതി ഉത്തരവിന് കാത്തിരിക്കുന്നുവെന്ന് അഭിഭാഷകൻ




കൊച്ചി: പള്ളുരുത്തി സെന്റ് റീത്താസ് സ്കൂളിലെ ഹിജാബ് വിവാദത്തിൽ കുട്ടി ഇന്ന് ടിസി വാങ്ങില്ല. ഹൈക്കോടതി തീർപ്പുകൽപിക്കും വരെ ടി സി വാങ്ങില്ലെന്ന് അഭിഭാഷകൻ അമീൻ ഹസൻ പറഞ്ഞു. സർക്കാർ ഉത്തരവ് പ്രകാരം ഇപ്പോൾ ഹിജാബ് ധരിച്ച് സ്കൂളിൽ പോകാവുന്ന സാഹചര്യമുണ്ട്. പക്ഷേ സാമൂഹിക സംഘർഷം ഉണ്ടാക്കാൻ കുടുംബം ആഗ്രഹിക്കുന്നില്ലെന്നും അതിനാൽ കോടതി ഉത്തരവിന് കാത്തിരിക്കുകയാണെന്നും അഭിഭാഷകൻ പറഞ്ഞു. കോടതി ഉത്തരവ് വന്നാലും മാനേജ്മെന്റ് അനുകൂല നിലപാട് സ്വീകരിച്ചില്ലെങ്കിൽ കുട്ടിക്ക് സ്കൂളിൽ പോകാൻ കഴിയാതെ വരും. സമവായത്തിന്റെ അന്തരീക്ഷം ഉണ്ടായാൽ മാത്രമേ കുട്ടി അതേ സ്കൂളിൽ തുടർന്ന് പഠിക്കൂവെന്നും അഡ്വ. അമീൻ ഹസൻ കൂട്ടിച്ചേർത്തു. ഈവരുന്ന വെള്ളിയാഴ്ചയാണ് ഹൈക്കോടതി കേസ് വീണ്ടും പരിഗണിക്കുന്നത്.

അതേസമയം, തുടർച്ചയായ അവധിക്ക് ശേഷം സ്കൂൾ ഇന്ന് തുറക്കും. സെന്റ് റീത്താസ് സ്കൂളിൽ ശിരോവസ്ത്രം ധരിച്ച് ക്ലാസിലെത്തിയ വിദ്യാർത്ഥിയെ പുറത്തുനിർത്തിയത് വലിയ വിവാദത്തിന് വഴിവെച്ചിരുന്നു. കുട്ടിയുടെ പിതാവ് മുഖ്യമന്ത്രിയുടെ ഓഫീസിൽ പരാതി നൽകുകയും ജില്ലാ വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് തേടുകയും ചെയ്തതോടെയായിരുന്നു സംഭവം പുറത്തറിയുന്നത്. ഹിജാബ് ധരിച്ചതിന്റെ പേരിൽ കുട്ടിയെ ക്ലാസിൽ ഇരുത്തിയില്ലെന്നായിരുന്നു ജില്ലാ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിൽ പറഞ്ഞത്.

സ്കൂൾ നിയമങ്ങൾ പാലിച്ച് വന്നാൽ കുട്ടിക്ക് വിദ്യാഭ്യാസം നൽകാൻ തയ്യാറാണെന്നായിരുന്നു പ്രിൻസിപ്പൽ പറഞ്ഞത്. എന്നാൽ വിദ്യാർത്ഥി സെന്റ് റീത്താസ് സ്കൂളിലെ പഠനം ഉപേക്ഷിക്കാൻ ഒരുങ്ങുകയാണെന്നായിരുന്നു പിതാവ് അറിയിച്ചിരുന്നത്. സ്കൂളിൽ നിന്നും വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങുമെന്നും കുട്ടിയുടെ ആവശ്യപ്രകാരമാണ് തീരുമാനമെന്നും പിതാവ് അറിയിച്ചിരുന്നു. പന്നീടാണ് നിലപാട് മാറ്റിയത്.

### അട്ടപ്പാടിയിൽ കർഷകൻ ജീവനൊടുക്കിയ സംഭവം:

# വില്ലേജ് ഓഫീസിൽ നിന്ന് മോശം അനുഭവമുണ്ടായെന്ന് ഭാര്യ, സ്ഥലത്ത് കോൺഗ്രസ് പ്രതിഷേധം



പാലക്കാട്: അട്ടപ്പാടിയിൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവത്തിൽ പ്രതിഷേധം. കൃഷ്ണസ്വാമി എന്നയാളാണ് കഴിഞ്ഞ ദിവസം ആത്മഹത്യ ചെയ്തത്.

കൈവശമുള്ള ഭൂമിക്ക് തണ്ടപ്പേര് ലഭിക്കാനായി കൃഷ്ണസ്വാമി മാസങ്ങളോളം സിവിൽ സ്റ്റേഷനിൽ കയറിയിറങ്ങിയിരുന്നു. എന്നാൽ ഉദ്യോഗസ്ഥർ തിരിച്ചയക്കുകയായിരുന്നു. ഇതിൽ മനംനൊന്താണ് കൃഷ്ണസ്വാമി ആത്മഹത്യ ചെയ്തതെന്നാണ് വിവരം. അഗളി മിനി സിവിൽ സ്റ്റേഷന് മുന്നിലാണ് കോൺഗ്രസ് പ്രവർത്തകരുടെ പ്രതിഷേധം.

'മൂന്ന് ദിവസം കൊണ്ട് കൊടുക്കേണ്ട സാധനം ഒരു വർഷം കൊണ്ടാണ് ഉദ്യോഗസ്ഥർ ചെയ്തുകൊടുക്കുന്നത്. കാശുള്ളവന് മാത്രമാണ് ഇവിടെ ഓരോന്നും ചെയ്തുകൊടുക്കുന്നത്.'- പ്രതിഷേധക്കാരിലൊരാൾ പറഞ്ഞു.

ഡെപ്യൂട്ടി കളക്ടർ അടക്കമുള്ളവർ ഉടൻ സ്ഥലത്തെത്തിയേക്കും. ഉദ്യോഗസ്ഥർക്കെതിരെ പ്രതിഷേധ മുദ്രാവാക്യം വിളിച്ചുകൊണ്ട് മിനി സിവിൽ സ്റ്റേഷന്റെ ഗേറ്റിന് മുന്നിലാണ് പ്രവർത്തകർ പ്രതിഷേധിക്കുന്നത്. ഗേറ്റ് ചാടിക്കടക്കാനുള്ള ശ്രമം പൊലീസുകാർ തടഞ്ഞു.

അതേസമയം, അട്ടപ്പാടിയിലെ വില്ലേജ് ഓഫീസിൽ വൻ അഴിമതിയാണ് നടക്കുന്നതെന്ന് കൃഷ്ണസ്വാമിയുടെ കുടുംബം ആരോപിച്ചു. വില്ലേജ് ഓഫീസിൽ നിന്ന് മോശം അനുഭവമുണ്ടായെന്ന് അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു. ഭൂമാഫിയകളിൽ നിന്ന് കൈക്കൂലി വാങ്ങി ഉദ്യോഗസ്ഥർ മനഃപൂർവം തണ്ടപ്പേരുകൾ തിരുത്തുകയാണെന്നാണ് കുടുംബത്തിന്റെ ആരോപണം.

# സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർക്ക് ഷിഫ്റ്റിൽ മാറ്റം വരുത്തി ഉത്തരവ്



തിരുവനന്തപുരം: സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർ ഉൾപ്പെടെ എല്ലാ ജീവനക്കാർക്കും ഷിഫ്റ്റ് സമ്പ്രദായത്തിൽ മാറ്റം വരുത്തി സർക്കാർ ഉത്തരവ്. കിടക്കകളുടെ എണ്ണം കണക്കിലെടുക്കാതെ കേരളത്തിലെ എല്ലാ സ്വകാര്യ ആശുപത്രികളിലും ജീവനക്കാർക്ക് 6-6-12 ഷിഫ്റ്റ് സമ്പ്രദായം നടപ്പാക്കണമെന്നാണ് സർക്കാരിന്റെ ഉത്തരവ്. നേരത്തെ 100 കിടക്കകളുള്ള ആശുപത്രികളിൽ മാത്രമായിരുന്നു ഈ ഷിഫ്റ്റ് സമ്പ്രദായം ഉണ്ടായിരുന്നത്.

പുതിയ ഉത്തരവ് പ്രാബല്യത്തിലെത്തുന്നതോടെ സ്വകാര്യ ആശുപത്രികളിലും സർക്കാർ ആശുപത്രികളിലും നഴ്സുമാർക്ക് ഒരേ ഷിഫ്റ്റ് ആയിരിക്കും ഉണ്ടാവുക. അധികം സമയം ജോലി ചെയ്താൽ ഓവർടൈം അലവൻസും നൽകണം. സംസ്ഥാനത്തെ എല്ലാ സ്വകാര്യ ആശുപത്രി ജീവനക്കാർക്കും പുതിയ നിർദേശം ബാധകമാണെന്നും ഉത്തരവിൽ പറയുന്നു.

# കെ റെയിൽ പദ്ധതിക്ക് പുതിയ സമീപനം സ്വീകരിക്കേണ്ടിവരുമെന്ന് എംവി ഗോവിന്ദൻ

കണ്ണൂർ: കെ റെയിൽ പദ്ധതിയിൽ മാറ്റം ആലോചനയിലെന്ന് സിപിഐഎം. കെ റെയിൽ പുതിയ മാർഗത്തിലേക്ക് മാറേണ്ടിവരുമെന്ന് സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ പറഞ്ഞു. പദ്ധതിക്ക് പുതിയ സമീപനം സ്വീകരിക്കേണ്ടിവരുമെന്നും കേന്ദ്ര അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിലാണ് മാറ്റം ആവശ്യമായിരിക്കുന്നതെന്നും എംവി ഗോവിന്ദൻ വ്യക്തമാക്കി. പദ്ധതിക്ക് പണം തടസമായിരുന്നില്ലെന്നും കേന്ദ്ര അംഗീകാരം മാത്രമായിരുന്നു വിഷയമെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ അര നൂറ്റാണ്ട് മുന്നിൽ കണ്ടുള്ള വികസന പദ്ധതിയായിരുന്നു കെ റെയിൽ എന്നും എംവി ഗോവിന്ദൻ പറഞ്ഞു. ഇക്കഴിഞ്ഞ മാർച്ചിൽ മെട്രോ മാൻ എന്നറിയപ്പെടുന്ന ഇ ശ്രീധരൻ റെയിൽവേയ്ക്ക് സമർപ്പിച്ച പദ്ധതിയെ അംഗീകരിക്കുന്നതാണ് എംവി ഗോവിന്ദന്റെ പ്രസ്താവന.

കേരളത്തിൽ കെ റെയിൽ വരാൻ യാതൊരു സാധ്യതയുമില്ലെന്ന് ഇ ശ്രീധരൻ അന്ന് പറഞ്ഞിരുന്നു. കെ റെയിലിന്റെ ബദൽ പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും ആ പ്രൊപ്പോസൽ കേരള സർക്കാരിന് ഇഷ്ടമായെന്നും ശ്രീധരൻ അന്ന് വ്യക്തമാക്കിയിരുന്നു. 'പ്രൊപ്പോസലുമായി ബന്ധപ്പെട്ടുള്ള ചർച്ച മുഖ്യമന്ത്രിയുമായി നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന് അത് ബോധ്യമായി. അതുമായി മുന്നോട്ട് പോകാനുള്ള ആലോചനയാണ് നടക്കുന്നത്. കെ റെയിലിനേക്കാൾ ഉപകാരമുള്ളതാണ് ബദൽ. നാട്ടുകാർക്ക് ഒരു ബുദ്ധിമുട്ടുമുണ്ടാകില്ല. പക്ഷേ, കേന്ദ്ര സർക്കാർ അനുമതി നൽകണം'എന്നാണ് ഇ ശ്രീധരൻ മാർച്ചിൽ മാധ്യമങ്ങളോട് പറഞ്ഞത്.

# സംസ്ഥാനത്ത് ഇന്ന് കനത്ത മഴയ്ക്ക് സാധ്യത; 12 ജില്ലകളിൽ യെല്ലോ അലേർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. അറബിക്കടലിൽ കേരളാ തീരത്തിന് സമീപമുള്ള ചക്രവാതച്ചുഴിയും ബംഗാൾ ഉൾക്കടലിലെ ന്യൂനമർദവുമാണ് കേരളത്തിൽ മഴ കനക്കാൻ കാരണം. വരുന്ന അഞ്ചുദിവസം സംസ്ഥാനത്ത് കനത്ത മഴ തുടരാനാണ് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് 12 ജില്ലകളിൽ യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലാണ് ഇന്ന് യെല്ലോ അലേർട്ട്. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം ജില്ലകളിൽ നാളെ ഓറഞ്ച് അലേർട്ടാണ്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് അധികൃതരുടെ നിർദേശപ്രകാരം ജനങ്ങൾ മാറിത്താമസിക്കണമെന്ന് സർക്കാർ അറിയിച്ചു.

ഇന്ന് തെക്കുകിഴക്കൻ അറബിക്കടലിലും അതിനോട് ചേർന്ന പ്രദേശങ്ങളിലും മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

തമിഴ്നാട് തീരം, ഗൾഫ് ഓഫ് മന്നാൽ, കന്യാകുമാരി പ്രദേശം, തെക്കുകിഴക്കൻ അറബിക്കടൽ, അതിനോട് ചേർന്ന തെക്കുപടിഞ്ഞാറൻ അറബിക്കടൽ, മധ്യ പടിഞ്ഞാറൻ അറബിക്കടൽ, മധ്യ കിഴക്കൻ അറബിക്കടൽ, തെക്കൻ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 വരെ കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. ഒക്ടോബർ 20 മുതൽ 23 വരെ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും നിർദേശം.




RNI No.35157/10, Printer, Publisher & Chief Editor P.T.Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp.HP Petrol Pump, West Nadakkavu, Calicut -673011, Email:peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode